ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

മെയ് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 3

പ്രണാമം,

ബറോഡയിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള സെൻററുകളിൽ വെച്ച് പൂജ്യ ബാബുജിയുടെ ജന്മദിനാഘോഷം കൊണ്ടാടി. അഭ്യാസികളുടെ ആത്മീയ ദാഹം തീർക്കാനുതകുന്നതായിരുന്നു ഈ ആഘോഷം. മാസ്റ്ററുടെ ഏറ്റവും പുതിയ സമ്മാനമായ "വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ്– രണ്ടാം ഭാഗം" എന്ന പ്രധാനപ്പെട്ട പുസ്തകം പ്രകാശനം ചെയ്യപ്പെട്ടത് ഈ വർഷമാണ്. ചിന്തിക്കുവാനും അനുഭവിക്കുവാനും, നമ്മുടെ ജീവിതത്തിൽ പകർത്തുവാനുമുതകുന്ന ജ്ഞാനത്തിന്റെ ഭണ്ഡാരമാണ് ഈ പുസ്തകം.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാസ്റ്റർ നടത്തിയ പര്യടനം, പരിശീലന പരിപാടികൾ, തുറന്ന സദസ്സുകൾ, മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടികൾ എന്നിവയെപ്പറ്റിയുള്ള വാർത്തകൾ, പ്രകാശ കേന്ദ്രങ്ങൾ എന്ന വിഭാഗത്തിൽ റായ്ച്ചൂർ ആശ്രമത്തിനെപ്പറ്റിയുമാണ് ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 2009 ജൂലായ് ലക്കത്തിലേക്കുള്ള വാർത്തകൾ അയക്കേണ്ട അവസാന തീയ്യതി 2009 ജൂൺ 15 ആണ്. വാർത്തകളും ഫോട്ടോകളും ദയവായി നിങ്ങളുടെ സെൻറർ ഇൻ ചാർജ്ജ് മുഖേന അയച്ചുതരിക.

സ്നേഹപൂർവ്വം

എഡിറ്റോറിയൽ ടീം.

## മാസ്റ്ററുടെ യാത്രകൾ

### കൊൽക്കത്ത

ജനുവരി ഫിബ്രുവരി മാസങ്ങളിലെ തിരക്കു പിടിച്ച ഉത്തരേന്ത്യൻ പര്യടനത്തിന് ശേഷം മാസ്റ്റർ ഇൻഡോറിൽ നിന്നും മുംബൈ വഴി, കൊൽക്കത്തയിൽ ഫിബ്രുവരി 19–ാം തിയ്യതി എത്തിച്ചേർന്നു. ക്ഷീണിതനും അവശനുമായി കാണപ്പെട്ട മാസ്റ്റർ, സഹോ. അജയ് ഭട്ടറുടെ വസതിയായ "ഡിവൈൻ ബ്ലിസ്സ്" –ൽ താമസിച്ചു. അടുത്ത ദിവസം അദ്ദേഹം തന്റെ കമ്പ്യൂട്ടറിൽ ധാരാളം സമയം ചെലവഴിച്ചു. ഈ പ്രായത്തിലും അദ്ദേഹത്തിന് ദീർഘനേരം എങ്ങിനെ ജോലി ചെയ്യാൻ സാധിക്കുന്നു എന്നത് അത്ഭുതാവഹം തന്നെ. 22–ാം തിയ്യതി മാസ്റ്റർ ഖരഗ്പൂരിലെ പണി നടന്നു കൊണ്ടിരിക്കുന്ന 'ക്രെസ്റ്റ്' സന്ദർശിച്ചു. ബാംഗ്ലൂരിലുള്ള ക്രെസ്റ്റിന്റെ അതേ മാതൃകയിലുള്ള രണ്ടാമത്തേതാണ് ഖരഗ്പൂരിലേത്. സത്സംഗം നടത്തിയതിന് ശേഷം അദ്ദേഹം അവിടെ നിന്നും കൊൽക്കത്തയിലേക്കും 24–ാം തിയ്യതി ചെന്നൈയിലേക്കും മടങ്ങി.






### ചെന്നൈ

ദീർഘനാളത്തെ ഉത്തരേന്ത്യൻ പര്യടനത്തിന് ശേഷം മാസ്റ്റർ ചെന്നൈയിൽ കുറച്ച് നാൾ തങ്ങി. "വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ്– രണ്ടാം ഭാഗം" എന്ന പുസ്തകം ഏപ്രിൽ 30ന് പ്രകാശനം ചെയ്യുമെന്ന് നേരത്തെ സത്കോലിൽ വെച്ച് പ്രഖ്യാപിച്ചിരുന്നു. മാർച്ച് 1–ാം തിയ്യതി മണപ്പാക്കം ആശ്രമത്തിൽ വെച്ച് മാസ്റ്റർ വീണ്ടും അതിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞു, "സഹജ മാർഗ്ഗത്തിലെ ബൈബിൾ ആയിത്തീരും ഈ പുസ്തകങ്ങൾ. ഈ പുസ്തകത്തിന്റെ ഒന്നാം ഭാഗം അതർഹിക്കുന്ന രീതിയിൽ വായിച്ചിട്ടുണ്ടെങ്കിൽ, ഈ സന്ദേശങ്ങൾ വരുന്നത് ഈ ലോകത്തിനപ്പുറത്ത് നിന്നുമാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. അത് കൊണ്ട് തന്നെ അവ "ശ്രുതി" എന്ന പേരിലാണ് അറിയപ്പെടേണ്ടത്. ശ്രുതി എന്നാൽ വെളിവാക്കപ്പെട്ട ജ്ഞാനമാണ്, അല്ലാതെ കേട്ടറിഞ്ഞ ജ്ഞാനമോ, ബൗദ്ധിക ജ്ഞാനമോ, മനുഷ്യ ലോകത്തിന് മാത്രമവകാശപ്പെടാൻ പറ്റുന്നതോ അല്ല. ബാബുജി ഒരു മനുഷ്യനായിരുന്നു കൂടാതെ ദൈവീകത്വമുള്ളയാളും. എത്ര പണം ചെലവഴിക്കണം (ഈ പുസ്തകം കരസ്ഥമാക്കാൻ) എന്നതിനെപ്പറ്റി ആലോചിക്കാതിരിക്കുക"

ബാബുജിയുടെ ഈ സന്ദേശങ്ങൾ എല്ലാ അഭ്യാസികളിലും എത്തണമെന്ന ആഗ്രഹം അനൗദ്യോഗിക സംഭാഷണവേളകളിൽ മാസ്റ്റർ പ്രകടിപ്പിച്ചിരുന്നു. ഈ പുസ്തകം കരസ്ഥമാക്കാത്ത ഒരഭ്യാസി പോലും ഉണ്ടാവരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ട്. ഇത് വാങ്ങുമ്പോൾ നിങ്ങൾ ശരിയായ രീതിയിൽ തന്നെയാണ് പണം ചെലവഴിക്കുന്നതെന്ന് അദ്ദേഹം തുടർന്ന് പറഞ്ഞു. സത്സംഗത്തിന് മുൻപേ അപൂർവ്വമായി മാത്രം ചെയ്യാറുള്ളതാണ് തന്റെ ഈ പ്രഭാഷണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

### പൂനെ


മാർച്ച് 12ന് പൂനെയിലെത്തിയ മാസ്റ്ററെ ഒരു വലിയ സംഘം അഭ്യാസികൾ എയർപ്പോർട്ടിൽ വെച്ച് സ്വീകരിച്ചു. വരും ദിവസങ്ങളിൽ മഹാരാഷ്ട്രയിലെ വിവിധ സെൻററുകളിൽ നിന്നും 1700 ഓളം അഭ്യാസികൾ പൻഷേറ്റിലെ എസ്.എം.എസ്.എഫ് റിട്രീറ്റ് സെൻററിൽ എത്തിയിരുന്നു. മാർച്ച് 13ന് മാസ്റ്റർ സത്സംഗം നടത്തി. അതിന് ശേഷം ഭജൻ ആലാപനവും ഉണ്ടായിരുന്നു. 14–ാം തിയ്യതി ധ്യാനിച്ചും അനുഭവങ്ങൾ പങ്കുവെച്ചും മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ വീഡിയോകൾ കണ്ടും അഭ്യാസികൾ ദിവസം ചെലവഴിച്ചു. 15–ാം തിയ്യതി ചെയ്ത പ്രഭാഷണത്തിൽ മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "സുഹൃദ് വലയമുണ്ടാക്കുന്നതിനും വിശേഷങ്ങൾ കൈമാറുന്നതിനും കാമ്പില്ലാത്ത സംഭാഷണങ്ങൾക്കും വേണ്ടി മാത്രമായ സ്ഥലങ്ങളായി നമ്മുടെ ആശ്രമങ്ങൾ മാറുകയും നേരേ മറിച്ച് സഹജ മാർഗ്ഗ പരിശീലനത്തിനും പഠനത്തിനുമായി വളരെ പരിമിതമായേ ഇവ ഉപയോഗിക്കപ്പെടുന്നുള്ളൂ എന്നും ഞാൻ ഭയപ്പെടുന്നു".

പ്രഭാഷണത്തിനു ശേഷം അദ്ദേഹം കുട്ടികൾ അവതരിപ്പിച്ച പരിപാടികൾ വീക്ഷിച്ചു. ഉച്ച തിരിഞ്ഞ് രണ്ടരയോടെ അദ്ദേഹം റിട്രീറ്റ് സെൻററിൽ നിന്ന് യാത്ര തിരിച്ചു. ഈ സന്ദർശന വേളയിൽ അദ്ദേഹം ചില അഭ്യാസികളെ പ്രിസപ്റ്റർമാരാക്കുകയും ധാരാളം അഭ്യാസികളെ കാണുകയും ചെയ്തിരുന്നു.









## സാർവ്വലൗകിക പ്രാർത്ഥന

"നമ്മുടെ മിഷനിലുള്ള, രാത്രി 9 മണിക്ക് ചെയ്യേണ്ടതായ പ്രാർത്ഥന മിക്ക അഭ്യാസികളും അവഗണിക്കുന്നു. അത്, വളരെ പ്രാധാന്യമർഹിക്കുന്നതും, അപ്രകാരം ഉപേക്ഷ വരുത്തേണ്ടതുമല്ല. അത്, കൂട്ടായ പ്രവർത്തനത്തിനുള്ള ഒരു സാഹചര്യമാണ്, ഒരു പ്രകമ്പനത്താൽ, ഹൃദയങ്ങൾ തമ്മിൽ കൂടിച്ചേരുവാനുള്ള അവസരമാണ്, അഭ്യാസികളെ തമ്മിൽ സൂക്ഷ്മതലത്തിൽ ബന്ധിപ്പിക്കുവാനുള്ള സാഹചര്യമുണ്ടാക്കുന്ന അനുകൂല അവസ്ഥയാണ്. ഇത് ബുദ്ധിമുട്ടുളവാക്കുന്ന ഒന്നാണോ ? എല്ലാവരും ഇതിനെപ്പറ്റി വിവേകപൂർവ്വം ബോധവാന്മാരാകണം. കുറച്ചുനേരത്തെ ആന്തരീകവിശകലനവും കേന്ദ്രീകൃതചിന്തയും, മിഷനെയും, തങ്ങളുടെ ദിവ്യനായ മാസ്റ്ററെയും പിന്തുടരാൻ പ്രതിബദ്ധരായ എല്ലാ സഹോദരീസഹോദരരെയും സേവിക്കുവാൻ ഉപകരിക്കും. എല്ലാവരുടേയും നന്മയ്ക്കായി, വിവേകികൾ ഇത് എപ്പോഴും ഓർമ്മിക്കട്ടെ."

ബാബുജി മഹരാജ്."

ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ
മാസ്റ്ററുടെ യാത്രകൾ

മെയ് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 3

## പൻവേൽ/മുംബൈ





മാർച്ച് 15-ന് പൻവേൽ ആശ്രമത്തിലെത്തിയ മാസ്റ്ററെ പരമ്പരാഗത വസ്ത്രമണിഞ്ഞ യുവ സഹോദരിമാർ സ്വാഗതം ചെയ്തു. ക്ഷീണമേകിയ യാത്രക്ക് ശേഷവും മാസ്റ്റർ വൈകീട്ട് 5 മണിക്ക് മുംബൈയിൽ നിന്നും, സമീപ സെൻററുകളിൽ നിന്നും വന്ന ഏകദേശം 1000 അഭ്യാസികൾക്കായി സത്സംഗം നടത്തി. സത്സംഗത്തിന് ശേഷം മാസ്റ്റർ കുറച്ച് നേരം ടെറസ്സിൽ ഉലാത്തിക്കൊണ്ട് മുകളിൽ നിന്നുമുള്ള ആശ്രമത്തിലെ "ഗ്രീൻ സോണ്"ിൻെറ മനോഹര ദൃശ്യം ആസ്വദിച്ചു. പിന്നീടദ്ദേഹം അവിടെ അഭ്യാസികളുമൊത്ത് കുറച്ച് നേരം നിലാവത്ത് ചെലവഴിച്ചു.

16-ാം തിയ്യതി കാലത്ത് 5.45ന് മാസ്റ്റർ ടെറസ്സിൽ നടക്കാൻ പോയി, അതിനു ശേഷം അദ്ദേഹം അഭ്യാസികളുമൊത്ത് കാപ്പി കുടിച്ചു. രാവിലെ 9 മണിക്ക് നടന്ന സത്സംഗത്തിന് ശേഷം ഭജനാലാപനമുണ്ടായി. ഉച്ചക്ക് മുൻപ് "ഗ്രീൻ സോണ്"ിലേക്ക് പോയ അദ്ദേഹം അവിടേയുള്ള ഒരു മാവിൻ ചുവട്ടിൽ വിശ്രമിച്ചു. മാസ്റ്റർക്ക് തടസ്സമില്ലാതെ നടക്കുവാനായി ഒരഭ്യാസി നടപ്പാതയിലുള്ള ഒരു മാവിൻ ചില്ല ഉയർത്തി കൊടുത്തു. അപ്പോൾ മാസ്റ്റർ പറഞ്ഞു, "അതിനെ ഉയർത്തേണ്ട, വെറുതെ വിട്ടോളൂ, അത് ഉറപ്പില്ലാത്തതാണ്. പ്രകൃതിക്ക് മുൻപിൽ ശിരസ്സ് കുനിക്കാൻ നമ്മൾ പഠിക്കണം". സ്ത്രീകളുടെ ദുരവസ്ഥയെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു, "സ്ത്രീകളുടെ ജീവിതം, പ്രത്യേകിച്ച് ഇന്ത്യയിൽ, ജനനം മുതൽ മരണം വരെ ദുരിതം നിറഞ്ഞതാണ്, കാരണം അവർ ആശ്രിതരാണ്". "ഗ്രീൻ സോണ്"ിൽ നിന്നും മടങ്ങുമ്പോൾ അദ്ദേഹം കുട്ടികളുടെ അച്ചടക്കത്തെ അഭിനന്ദിച്ചു. ഓരോ കുട്ടിക്കും അദ്ദേഹം ചോക്ലേറ്റുകൾ വിതരണം ചെയ്തു.

ഒരു ഡോക്ടറുടെ ചോദ്യത്തിനു മറുപടിയായി മാസ്റ്റർ പറഞ്ഞു, "നിങ്ങൾ നിന്തര സ്മരണയിൽ പ്രവർത്തിക്കുകയാണെങ്കിൽ അതിൻെറ ഫലങ്ങൾ വളരേയധികം മെച്ചപ്പെട്ടതായിരിക്കും". 99.9% ശതമാനം ചോദ്യങ്ങളും ആഗ്രഹങ്ങളിൽ നിന്നുമാണ് ഉത്ഭവിക്കുന്നതെന്ന് മാസ്റ്റർ കൂട്ടിച്ചേർത്തു. ഒരഭ്യാസിയോട് ബാബുജി പറഞ്ഞ മറുപടിയെ പരാമർശിച്ചു കൊണ്ട് മാസ്റ്റർ പറഞ്ഞു, "ശരിയായ കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്ക് എൻെറ അനുവാദത്തിൻെറ ആവശ്യമില്ല, എന്നാൽ തെറ്റായ കാര്യങ്ങൾ ചെയ്യാൻ ഞാൻ അനുവദിക്കുകയുമില്ല".

അത്താഴത്തിനു ശേഷം മാസ്റ്റർ ആശ്രമത്തിൻെറ ടെറസ്സിൽ അഭ്യാസികളുമൊത്ത് ഒരു സിനിമ കണ്ടു. പൊതുവെ അഭ്യാസികൾ വളരെ നല്ല അച്ചടക്കം പ്രദർശിപ്പിച്ചു. അതിനുള്ള പാരിതോഷികമെന്നോണം മാസ്റ്റർ കോട്ടേജിനു പുറത്ത് വളരേയധികം സമയം ചിലവഴിച്ചു. അഭ്യാസികൾ മാസ്റ്ററെ അദ്ദേഹത്തിൻെറ സൗകര്യത്തിന് വിടുകയും അച്ചടക്കം പാലിക്കുകയും ചെയ്താൽ അദ്ദേഹത്തിൻെറ സാമീപ്യം നല്ലതു പോലെ അനുഭവിക്കാം എന്ന ഒരു നല്ല പാഠമായിരുന്നു ഇത് അഭ്യാസികൾക്കെല്ലാം.



## റായ്പ്പൂർ

ഛത്തീസ്ഗഡ് സംസ്ഥാനത്തിലുള്ള റായ്പ്പൂരിൽ മാർച്ച് 17ന് മാസ്റ്റർ എത്തിച്ചേർന്നു. ഏകദേശം 1200 ഓളം അഭ്യാസികൾ സന്നിഹിതരായിരുന്ന സ്ഥലത്ത് അദ്ദേഹം സത്സംഗം നടത്തി. ഈ അവസരത്തിൽ മാസ്റ്റർ പറഞ്ഞു, "ലോക ശാന്തിയേയും, രമ്യതയേയും, സന്തോഷവും സമാധാനപൂർവ്വവുമായ നിലനിൽപ്പിനേയും സംബന്ധിച്ച് വളരെ പ്രധാനമായ ഒരു കാര്യം - രാത്രി 9 മണിക്കുള്ള പ്രാർത്ഥന ചെയ്തില്ലെങ്കിൽ മാനവരാശിയെ ഒത്തൊരുമിപ്പിക്കുക എന്ന പ്രത്യാശ ഒരിക്കലും സംഭവിക്കില്ല എന്ന് ബാബുജി മഹാരാജ് ഊന്നിപ്പറഞ്ഞിട്ടുണ്ട്".

മിഷന് 6.5 ഏക്കർ സ്ഥലമുള്ള ആംലേശ്വർ 18ന് കാലത്ത് മാസ്റ്റർ സന്ദർശിച്ചു. സത്സംഗത്തിനു ശേഷം അദ്ദേഹം ധ്യാനമന്ദിരത്തിനു തറക്കല്ലിട്ടു. ഈ വേളയിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു, "തങ്ങളുടെ സാന്നിദ്ധ്യത്തിൽ, തങ്ങളുടെ സ്നേഹാനുഗ്രഹത്താൽ മിഷൻെറ പുതിയ ഒരു ആശ്രമത്തിൻെറ കൂടി തറക്കല്ലിടുന്നതിന് സാക്ഷ്യം വഹിക്കാനായി വന്ന സഹജമാർഗ്ഗ ഗുരു പരമ്പരയിലെ എല്ലാ ഗുരുക്കന്മാരുടേയും സാന്നിദ്ധ്യം എനിക്കനുഭവപ്പെട്ടു".

19ന് കാലത്ത് 9 മണിക്ക് അദ്ദേഹം സത്സംഗം നടത്തി. അവിടത്തെ കുട്ടികൾ നിർമ്മിച്ച ചില വസ്തുക്കൾ വിൽപ്പനക്ക് വെച്ചിരുന്നു. അവിടെ നിന്നും സമാഹരിച്ച തുകയും പിന്നെ അവരുടെ "പോക്കറ്റ് മണി"യും കൂട്ടിച്ചേർത്ത് ആശ്രമ നിർമ്മാണത്തിനായി അവർ മാസ്റ്റർക്ക് സംഭാവന നൽകി. സന്തോഷപൂർവ്വം അത് സ്വീകരിച്ച മാസ്റ്റർ മുതിർന്നവരും അവരുടെ അനാവശ്യ ചിലവുകൾ നിയന്ത്രിക്കുകയാണെങ്കിൽ പണം മറ്റു നല്ല കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്താമെന്ന് പറഞ്ഞു. വൈകുന്നേരം അദ്ദേഹത്തിൻെറ താമസസ്ഥലത്ത് സത്സംഗം നടത്തിയതിനു ശേഷം മാസ്റ്റർ കൊൽക്കത്തക്ക് പോയി.



## കൊൽക്കത്ത

മാസ്റ്റർ മാർച്ച് 20ന് കൊൽക്കത്തയിലെത്തി. പിറ്റേന്ന് കാലത്ത് അദ്ദേഹം നിശ്ചയിച്ച സമയത്തിന് മുൻപ് ധ്യാനമന്ദിരത്തിലെത്തി സത്സംഗം നടത്തി. ആത്മീയതക്ക് പകരം ജനങ്ങൾ തൻെറയടുത്ത് അവരുടെ ഭൗതിക ആവശ്യങ്ങൾക്കായാണ് വരുന്നതെന്ന് വളരെ വേദനയോടെ അദ്ദേഹം പറഞ്ഞു. ബാബുജി പറയുമായിരുന്നു, "നിന്നെപ്പോലെയുള്ള ചുരുക്കം ചിലർ, രണ്ടോ മൂന്നോ, നിങ്ങൾ മുന്നോട്ട് പോകും, കാരണം നിങ്ങൾ എന്നെ ഹൃദയത്തിലേറ്റുന്നു. എന്നാൽ ബാക്കിയുള്ള അഭ്യാസി സഹോദരന്മാർ എന്നെ പരിഗണിക്കുന്നതേയില്ല. അവർ വരുന്നതു തന്നെ എന്തെങ്കിലും കൊണ്ടുപോകുവാനാണ്. അവർക്ക് നിരന്തരം കൊണ്ടുപോകണം. അവർക്ക് ഈ പ്രപഞ്ചം മുഴുവനും നൽകാൻ ഞാൻ തയ്യാറാണ്, അവർ അവരുടെ സാധന ശരിയായ വിധത്തിൽ ചെയ്യുകയാണെങ്കിൽ, ഒറ്റ സിറ്റിംഗിൽ തന്നെ എനിക്കതു ചെയ്യുവാൻ കഴിയും. പക്ഷെ അവർ ആകെ കൊണ്ടുവരുന്നത് അവരുടെ അസന്തുഷ്ടിയും, അസുഖങ്ങളും എന്നോടുള്ള അമർഷവുമാണ്".

"നോക്കൂ, അദ്ദേഹത്തിൻെറ നിരാശയുടെ പാരമ്യമായിരുന്നു അത് - എങ്ങിനെ അദ്ദേഹം തേജോലോകത്ത് തൻെറ മാസ്റ്ററെ അഭിമുഖീകരിക്കുമെന്ന്. കാരണം, അച്ചടക്കം നടപ്പിലാക്കുന്നതിന് പകരം, ആദ്ധ്യാത്മിക സ്വഭാവമില്ലാത്ത എല്ലാ ആവശ്യങ്ങളേയും നിരസിക്കുന്നതിനു പകരം അദ്ദേഹം അതിനെല്ലാത്തിനും സമ്മതം മൂളി". മാർച്ച് 23-ന് മാസ്റ്റർ ചെന്നൈയിലേക്ക് പോയി.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ



മെയ് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 3



## വിശാഖപട്ടണം, ആന്ധ്രപ്രദേശ്

മാസ്റ്റർ ചെന്നൈയിൽ നിന്നും മാർച്ച് 25-ന് വിശാഖപട്ടണത്തിൽ എത്തിച്ചേർന്നു. ആറു വർഷത്തിനുശേഷം ഇവിടം സന്ദർശിക്കുന്ന മാസ്റ്ററെ സ്വീകരിക്കാൻ 150-ൽ പരം അഭ്യാസികൾ എയർപോർട്ടിൽ എത്തിയിരുന്നു. ആശ്രമത്തിനടുത്തുള്ള ഗസ്റ്റ് ഹൗസിൽ മാസ്റ്റർ ഉച്ച ഭക്ഷണം കഴിക്കുകയും അൽപനേരം വിശ്രമിക്കുകയും ചെയ്തു. സഹജമാർഗ്ഗ സ്പിരിച്വാലിറ്റി ഫൗണ്ടേഷൻെറ പേരിൽ അദ്ദേഹം 9.09 ഏക്കർ സ്ഥലം രജിസ്റ്റർ ചെയ്യുകയുണ്ടായി. വിശാഖപട്ടണത്തിൽ നിന്നും 25 കി.മി. അകലെ സ്ഥിതി ചെയ്യുന്ന ഈ സ്ഥലത്ത് അഭ്യാസികളുടെ ഒരു കോളനി തുടങ്ങുവാൻ പദ്ധതിയുണ്ട്. ഏകദേശം 300 അഭ്യാസികൾക്കായി ആശ്രമത്തിൽ വൈകുന്നേരം 4:30-ന് സത്സംഗം നടത്തുകയുണ്ടായി. അതിനുശേഷം അദ്ദേഹം ബാബുജി മഹാരാജിൽ നിന്നും ലഭിച്ച ഒരു സന്ദേശത്തിൽ സഹജമാർഗ്ഗത്തിൻെറ പൂർണ്ണതയെക്കുറിച്ച്, അധികം കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലോ ഇല്ലാതെയുള്ള പൂർണ്ണതയെക്കുറിച്ച്, പ്രഭാഷണം നൽകുകയുണ്ടായി. പരമ്പരാഗത ശൈലികളിൽ നിന്നും സ്വയം മുക്തരായി, തങ്ങളുടെ നന്മയ്ക്കായി പുതിയ ഒരു മനുഷ്യനാകാൻ തങ്ങളെ സഹായിക്കുന്നതിന് സഹജമാർഗ്ഗത്തെ അനുവദിക്കാൻ അദ്ദേഹം അഭ്യാസികളോട് അവശ്യപ്പെട്ടു. മാസ്റ്റർ അന്നത്തെ രാത്രി ഒരു ഫാം ഹൗസിൽ ചെലവഴിച്ച ശേഷം മാർച്ച് 26-ന് രാവിലെ 10 മണിക്ക് ചെന്നൈയിലേക്ക് യാത്ര തിരിച്ചു.

മാസ്റ്റർ ഏപ്രിൽ 5-ന് **ട്രിച്ചി**യിൽ എത്തിച്ചേർന്നു. വിവിധ സെൻറുകളിൽ നിന്നായി 300 അഭ്യാസികൾ മാസ്റ്ററെ വരവേൽക്കാൻ എയർപോർട്ടിൽ എത്തിയിരുന്നു. മാസ്റ്റർ ഒരാഴ്ച ജാനകി ഫാം ഹൗസിൽ തങ്ങി. ഏപ്രിൽ 12-ന് ട്രിച്ചി ധ്യാന മന്ദിരത്തിൽ രാവിലെ 7:30-ന് സത്സംഗം നടത്തിയ ശേഷം അദ്ദേഹം ഡിൻഡിഗൽ വഴി തിരുപ്പൂരിലേക്ക് യാത്ര തിരിച്ചു.തിരുപ്പൂരിലേക്കുള്ള യാത്രാമദ്ധ്യേ ഡിൻഡിഗലിൽ ഒരു അഭ്യാസിയുടെ വസതിയിൽ അര മണിക്കൂർ മാസ്റ്റർ ചെലവഴിക്കുകയുണ്ടായി. ഇവിടെ മാസ്റ്ററെ വരവേൽക്കാൻ ഡിൻഡിഗൽ, ചിന്നലപ്പട്ടി, ബട്ലഗുണ്ടു എന്നീ സെൻററുകളിൽ നിന്നുള്ള അഭ്യാസികൾ എത്തിയിരുന്നു.

മാസ്റ്റർ 40 വർഷം മുൻപ് തുടങ്ങിയ ചിന്നലപ്പട്ടി സെൻററിൽ നിന്നുള്ള അഭ്യാസികളെ കാണാൻ സാധിച്ചതിൽ അദ്ദേഹം വളരെ സന്തോഷവാനായിരുന്നു. അടുത്ത കാലത്ത് ഈ സെൻററിൽ ചില ഉദ്ധാരണ പ്രവർത്തനങ്ങൾ നടന്നിരുന്നു.

യാത്രാ മദ്ധ്യേ ധാരാപുരത്ത് കാത്തുനിന്നിരുന്ന 125 അഭ്യാസികളെ കാണുവാൻ മാസ്റ്റർ കുറച്ചു സമയം ചെലവഴിച്ചു. ഉച്ചയ്ക്ക് ഒന്നര മണിയോടെ അദ്ദേഹം **തിരുപ്പൂ**രിൽ എത്തിച്ചേർന്നു. ഉച്ചഭക്ഷണം കഴിക്കാൻ വൈകിയാണ് അദ്ദേഹം എത്തിയത്. യാത്രാ ക്ഷീണം കാരണം തളർന്നവശനായ മാസ്റ്ററോട് ചൂടു കാലത്തുള്ള ഈ ദൂരയാത്രയെക്കുറിച്ച് ഒരു അഭ്യാസി വ്യാകുലതയോടെ ആരാഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ മറുപടി നൽകി. "സന്തോഷമായിരിക്കുമ്പോൾ ഭക്ഷണത്തെക്കുറിച്ചും സുഖ സൗകര്യങ്ങളെക്കുറിച്ചും നമ്മൾ ചിന്തിക്കാറില്ല".

തിങ്കളാഴ്ച തിരുപ്പൂർ ഡയമണ്ട് ജൂബിലീ പാർക്കിൽ കേരളത്തിൽ നിന്നുൾപ്പെടെ വിവിധ സ്ഥലങ്ങളിൽ നിന്നായി 2500 അഭ്യാസികൾ എത്തിച്ചേർന്നിരുന്നു. മാസ്റ്റർ എല്ലാ ദിവസവും സത്സംഗം നടത്തുകയുണ്ടായി.

ഏപ്രിൽ 15 ബുധനാഴ്ച മാസ്റ്റർ ഉദുമൽപേട്ട് സന്ദർശിക്കുകയും ധ്യാന മന്ദിരത്തിനുള്ള തറക്കല്ലിടുകയും ചെയ്തു. കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി സഹജമാർഗ്ഗം വളർന്നുവരുന്ന ഒരു ചെറുപട്ടണമാണിത്. ടിടികെ കമ്പനിയിലുള്ള അദ്ദേഹത്തിൻെറ ഉദ്യോഗ സമയത്ത് ഇവിടം പലവട്ടം സന്ദർശിച്ചിട്ടുള്ളതായി മാസ്റ്റർ ഒരഭ്യാസിയുടെ ചോദ്യത്തിനുത്തരമായി പറയുകയുണ്ടായി.

മാസ്റ്റർ സന്ദർശിച്ചിട്ടുള്ളയിടങ്ങളിലെല്ലാം തന്നെ ഇപ്പോൾ സെൻററുകളും പ്രിഫക്റ്റുമാരും ഉണ്ടെന്നുള്ളത് വളരെ വ്യക്തമാണ്.

തിരുപ്പൂരിൽ അദ്ദേഹം ഈ വർഷം പുറത്തിറക്കുന്ന ഡി.വി.ഡികൾക്കായി രണ്ട് പ്രഭാഷണങ്ങൾ റെക്കോഡ് ചെയ്യുവാനും സമയം കണ്ടെത്തി.

ഏപ്രിൽ 18-ന് രാവിലെ 10:30 മണിക്ക് മാസ്റ്റർ **കൃഷ്ണഗിരി**യിലേക്ക് യാത്രതിരിച്ചു. യാത്രാമദ്ധ്യേ ഈറോഡിൽ വെച്ച് അദ്ദേഹം ഉച്ചഭക്ഷണം കഴിച്ചു. വൈകുന്നേരം 4:30 മണിയോടെ അദ്ദേഹം കൃഷ്ണഗിരിയിൽ എത്തിച്ചേർന്നു. പിറ്റേന്നു രാവിലെ അദ്ദേഹം പുതിയ ധ്യാന മന്ദിരത്തിൽ ഉദ്ഘാടനം നിർവ്വഹിക്കുകയും അവിടെ എത്തിയിരുന്ന 800 അഭ്യാസികൾക്കായി ഒരു പ്രഭാഷണം നൽകുകയും ചെയ്തു.





## ബാംഗ്ലൂർ

കൃഷ്ണഗിരിയിൽ നിന്നും ഏപ്രിൽ 19-ന് മാസ്റ്റർ ബാംഗ്ലൂരിലെ പരംധാം ആശ്രമത്തിൽ എത്തിച്ചേർന്നു. പരംധാം ആശ്രമം ഒരു റെസിഡെൻഷ്യൽ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ആശ്രമമായതിനാൽ, ബാംഗ്ലൂരിലേയും കർണ്ണാടകത്തിലെ മറ്റു സെൻററുകളിലെയും അഭ്യാസികൾക്ക് പല ദിവസങ്ങളിലായി മാസ്റ്ററെ സന്ദർശിക്കുവാനായി പ്രത്യേക ഏർപ്പാടുകൾ ചെയ്തിരുന്നു.

ഏപ്രിൽ 20-ന് മാസ്റ്റർ 5 വിവാഹങ്ങൾ നടത്തി. അദ്ദേഹം ആരോഗ്യവാനും സന്തോഷവാനുമായി കാണപ്പെട്ടു. തിരുപ്പൂരിലേതു പോലെ ഇവിടെയും അദ്ദേഹം പ്രഭാഷണങ്ങൾ വീഡിയോ റെക്കോഡു ചെയ്യുന്നതിൻെറ തിരക്കിലായിരുന്നു. മാസ്റ്റർ പരംധാം ആശ്രമത്തിൻെറ എല്ലാ മുറികളും സന്ദർശിച്ചത് അന്തേവാസികളിൽ വളരെയധികം സന്തോഷം ജനിപ്പിച്ചു.






ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ
ഹെഡ്ക്വാർട്ടർ വാർത്തകൾ
മെയ് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 3


## പുതിയ പ്രസിദ്ധീകരണങ്ങൾ

### വോയിസ് റിയൽ (മറാഠി)





1981–ൽ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ട ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത് ബാബുജി മഹാരാജിൻെറ പ്രഭാഷണങ്ങളും, ലേഖനങ്ങളും, കത്തുകളുമാണ്. പൂജ്യ രാം ചന്ദ്രാജി അദ്ധ്യാത്മികതയെക്കുറിച്ചുള്ള തൻെറ ധാരണ വളരെ അടുത്ത സുഹൃത്തുക്കളോടും ജനങ്ങളോടും പങ്കുവയ്ക്കുകയാണിതിൽ.

### സഹജ മാർഗ്ഗ ലഘുരേഖ




സഹജമാർഗ്ഗ ധ്യാന സമ്പ്രദായത്തെപ്പറ്റിയും പരിശീലനത്തെപ്പറ്റിയും അധ്യാത്മിക കാംക്ഷികൾക്കായി പരിചയപ്പെടുത്തുവാനുള്ള ഒരു വിശദമായ ആമുഖപത്രികയായി ഈ ലഘുരേഖ ഉപകരിക്കും. സഹജമാർഗ്ഗത്തിൽ പങ്കുചേരുവാൻ ആഗ്രഹിക്കുന്നവർക്ക് പരിചയപ്പെടുത്തുവാനുള്ള ഒരു അടിസ്ഥാന ലഘുരേഖയാണിത്. ഇതിൽ സഹജമാർഗ്ഗ പരിശീലനത്തെപ്പറ്റിയും, പ്രാദേശിക കേന്ദ്രങ്ങളെപ്പറ്റിയുമുള്ള വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. ഇത് സഹജമാർഗ്ഗ പദ്ധതിയെ പരിചയപ്പെടുത്തുന്ന സദസ്സുകളിൽ വിതരണം ചെയ്യാം. മുൻപേ തന്നെ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ ലഘുരേഖ 2009 മെയ് മാസത്തിൽ ഹിന്ദി, കന്നഡ, തെലുങ്ക്, തമിഴ്, ബംഗാളി, ആസാമീസ് എന്നീ ഭാഷകളിലും പ്രസിദ്ധീകരിക്കപ്പെടും.

### കോൺസ്റ്റൻറ് റിമെംബ്രൻസ് ഏപ്രിൽ 2009




“ലോകത്തിൻെറ പരിണാമം നമ്മുടെ പരിണാമത്തിലൂടെ” എന്ന മാസ്റ്ററുടെ സംഭാഷണവും, പി.ആർ കൃഷ്ണ എഴുതിയ ബന്ധങ്ങളെപ്പറ്റിയുള്ള ഒരു ലേഖനവും, കൃതജ്ഞത എന്ന ഒരു വിഭാഗവും, മലമ്പുഴ റിട്രീറ്റ് സെൻറർ, ഭോപ്പാൽ ആശ്രമ ഉദ്ഘാടനം എന്നിവയെപ്പറ്റിയുള്ള “സഹജമാർഗ്ഗം–ലോകം മുഴുവനും, എന്ന ലേഖനവും ഉൾക്കൊള്ളുന്നതാണ് കോൺസ്റ്റൻറ് റിമംബ്രൻസ് ഏപ്രിൽ 2009 എന്ന പുസ്തകം.

### ഹിന്ദിയിലുള്ള അഭ്യാസി പരിശീലന പരിപാടി

ഷാജഹാൻപൂർ ആശ്രമത്തിൽ എല്ലാ മാസത്തിലെയും രണ്ടാമത്തെ ആഴ്ചയിൽ സാധന പരിശീലന പരിപാടി നടത്തി വരുന്നു. ചൊവ്വാഴ്ച 4 മണിയ്ക്ക് തുടങ്ങുന്ന ഈ പരിപാടി ഞായറാഴ്ച ഉച്ചയ്ക്ക് 12:30 മണിയോടെ അവസാനിക്കും.

വരും കാലങ്ങളിലെ പരിശീലന പരിപാടികൾ:

1. ജൂലായ് 2009 7–ാം തീയ്യതി മുതൽ – 12–ാംതീയ്യതി വരെ
2. ആഗസ്റ്റ് 2009 3–ാം തീയ്യതി മുതൽ – 9–ാം തീയ്യതി വരെ
3. സപ്തംബർ 2009 8–ാം തീയ്യതി മുതൽ – 13–ാം തീയ്യതി വരെ
4. ഒക്ടോബർ 2009 6–ാം തീയ്യതി മുതൽ – 11–ാം തീയ്യതി വരെ

അപേക്ഷകൾ സമർപ്പിക്കേണ്ട വിലാസം: പ്രഭാത് കുമാർ, പി.ഒ.ബങ്കിഗഞ്ച്, ലക്കിംപൂർ ഖേരി ജില്ല, പിൻ 262801

ഇമെയിൽ: prabhatksrcm@gmail.com

## അറിയിപ്പുകൾ

### പൂജ്യ മാസ്റ്ററുടെ 83–ാം പിറന്നാളാഘോഷം

ജൂലായ് 23–25, 2009 തിരുപ്പൂർ, ഇന്ത്യ

പ്രതീക്ഷയുടെയും അവസരങ്ങളുടെയും ഒരു യുഗം

“...ഈ പിറന്നാളാഘോഷത്തിനായി നിങ്ങൾ തയ്യാറാവുക, ഇത് ഒരിക്കൽ കൂടി ഒരോ വർഷം പിന്നിടുമ്പോഴും ഈ ആഘോഷത്തിൻെറ പ്രാധാന്യം എല്ലാ സഹോദരീ സഹോദരന്മാരുടെയും മനസ്സിൽ വളർന്നു വരുന്നത് എൻെറ പുത്രന് കാണുവാൻ സാധിക്കും. നമ്മളുടെ പ്രതീക്ഷകൾക്കുമപ്പുറം അദ്ദേഹം സ്നേഹിക്കപ്പെടുകയും അദ്ദേഹത്തിൻെറ കർമ്മങ്ങൾ ഫലം പ്രാപിക്കുകയും ചെയ്യുന്നു. ഭൂമിയിലെ അദ്ദേഹത്തിൻെറ അനുഗൃഹീതമായ ജന്മദിനം, നമ്മുടെ മിഷൻെറ ചരിത്രത്തിൽ അവിസ്മരണീയമായ ആഘോഷമായി മാറട്ടെ. ഈ ആഘോഷം മിഷനെ ജ്വലിപ്പിക്കുകയും അതിലുള്ള വിശ്വാസ്യത വർദ്ധിപ്പിക്കുയും ചെയ്യും. ഈ അവതാരത്തിൻെറ ഭാഗമായി ജീവിക്കാൻ പറ്റിയതിലാഹ്ലാദിക്കുക“ ബാബുജി മഹാരാജ്, വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ്.

നമ്മുടെ പ്രിയ മാസ്റ്റർ അദ്ദേഹത്തിൻെറ 83–ാം ജന്മദിനാഘോഷം തിരുപ്പൂരിൽ വച്ചു നടത്താൻ സമ്മതിച്ച വിവരം വളരെയധികം കൃതജ്ഞതയോടും സന്തോഷത്തോടും കൂടി അറിയിച്ചുകൊള്ളട്ടെ. ഇതിൻെറ ക്ഷണപത്രം മിഷൻെറ വെബ്സൈറ്റിൽ ഇനി പറയുന്ന അഡ്രസ്സിൽ ലഭ്യമാണ്.

http://www.srcm.org/members/24july2009/index.jsp

ഈ ആഘോഷത്തെ സംബന്ധിക്കുന്ന രജിസ്ട്രേഷൻ, കംഫർട് ഡോം എന്നിവ ഉൾപ്പെടെയുള്ള എല്ലാ വിശദ വിവരങ്ങളും ഈ അഡ്രസ്സിൽ ലഭ്യമാണ്. അഭ്യാസികൾ ദയവായി 2009 ജൂൺ 15–ന് മുൻപായി രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവിധ സംശയ നിവാരണത്തിനും ദയവായി 24julyhelpdesk@srcm.org എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

### എസ്.എം.ആർ.ടി.ഐ ഭാരവാഹികൾ

എസ്.എം.എസ്.എഫിൻെറ ഗവേഷണത്തിനും പരിശീലന പരിപാടികൾക്കുമായുള്ള ഒരു വിഭാഗമായാണ് സഹജമാർഗ്ഗ റിസർച്ച് ആൻറ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെട്ടത്. താഴെ പറയുന്നവരെ അതിൻെറ വിവിധ ചുമതലകളുടെ നടത്തിപ്പിനായി നിയോഗിച്ചിരിക്കുന്നു.

ഡോ. കെ.എസ്.ബാലസുബ്രമണ്യം – ഡയറക്റ്റർ, റിസേർച്ച്
(sanskritkannan@yahoo.com)

ട്രെയിനിംഗ് മെറ്റീരിയൽ ഡെവലപ്മൻറ് – ലളിത ശ്രീനിവാസൻ

സ്കോളർഷിപ്പ് ട്രെയിനിംഗ് – ഡോളി നിക്കോലായ്

പ്രിഫെക്റ്റ് ട്രെയിനിംഗ് പ്രൊഗ്രാം – എൻ. പ്രകാശ്

എൻ.പദ്മനാഭൻ –ഡയറക്റ്റർ, ഇന്ത്യ ഓപറേഷൻസ്
(padu@srcm.org)

യൂത്ത് പ്രൊഗ്രാം (എ.എം.സി ട്രെയ്നിംഗ്)

എസ്.പ്രകാശ്

ചിൽഡ്രൻ ട്രെയ്നിംഗ് പ്രൊഗ്രാം

വി.മധുമതി, ലൈയ റിച്ച്

അഭ്യാസി ട്രെയിനിംഗ് പ്രോഗ്രാം(ഇൻഡക്ഷൻ)–

കേണൽ എ. രാമകൃഷ്ണൻ

അഭ്യാസി ട്രെയിനിംഗ് പ്രോഗ്രാം(റെഗുലർ)–

അനസൂയ രാമചന്ദ്രൻ

മൂല്യാധിഷ്ഠിത വിദ്യഭ്യാസം –

സീത കുഞ്ചിതപാദം, രംഗരാജു മാധുരി

പ്രബന്ധരചനാ മത്സരം

പുനീത് ലാൽഭായി, ലളിത രാജഗോപാൽ, മിസാൽ മെഹ്ത

ഫാകൽറ്റി ട്രെയിനിംഗ് പ്രൊഗ്രാം

ലിസ് കിംഗ്സ്നോർത്ത്

ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

സോണൽ വാർത്തകൾ

മെയ് 2009 | സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം | വാല്യം 2 ലക്കം 3







ഉത്തരാഖണ്ഡ് സോണിലെ ഫാക്കൽട്ടി പരിശീലനത്തിനു വേണ്ടി ജനുവരി 15 മുതൽ 17 വരെ മൂന്നു ദിവസത്തെ മൂല്യാധിഷ്ഠിത പരിശീലന പരിപാടി **സത്ക്കോൽ** സെൻററിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ നാൽപതോളം പേർ പങ്കെടുത്തു, അവർ മൂല്യങ്ങളെപ്പറ്റി പഠിച്ച് പിന്നെ അതിനെപ്പറ്റി ക്ലാസ്സെടുത്തു. ഈ മൂല്യങ്ങളെല്ലാം ദൈനംദിന ജീവിതത്തിൽ എങ്ങനെ ഉൾപ്പെടുത്താം എന്നതിനെപ്പറ്റി ചർച്ചയും നടന്നു. മൂല്യങ്ങളെ അധികരിച്ചുള്ള കഥകൾ, കളികൾ, പ്രവൃത്തികൾ, പരീക്ഷണങ്ങൾ എന്നിവയെല്ലാം സമാഹരിച്ചു. മൂല്യാധിഷ്ഠിത പാഠ്യ പദ്ധതിയെ പ്രാവൃത്തികമാക്കുന്ന തരത്തിലുള്ളതായിരുന്നു ഈ പരിപാടി.

## രസകരമായ ഒരു സന്ദർശനം

അമേരിക്കയിലെ കാലിഫോർണിയയിലുള്ള അലയൻറ് യൂണിവേർസിറ്റിയിലെ ഒരു കൂട്ടം മന:ശാസ്ത്ര വിദ്യാർത്ഥികൾ 2009 ജനുവരി 5–ന് ചെന്നൈയിലെ ബാബൂജി മെമ്മോറിയൽ ആശ്രമം സന്ദർശിക്കുകയുണ്ടായി. സഹജമാർഗ്ഗത്തെക്കുറിച്ചും, സ്വഭാവ മന:ശാസ്ത്രത്തിൽ അതിനുള്ള പ്രധാന്യത്തെക്കുറിച്ചും കൂടുതൽ അറിയുവാൻ വേണ്ടിയുള്ളതിൻെറ ഭാഗമായി നടത്തിയ ഒരു പഠനയാത്രയായിരുന്നു അത്. ആദ്യമായി വിദ്യാർത്ഥികൾക്ക് ആശ്രമവും ലാലാജി മെമ്മോറിയൽ കേംബ്രിഡ്ജ് ഇൻെറർനാഷണൽ സ്കൂൾ കാണിച്ചു കൊടുക്കുകയും ചെയ്തു. ഇതിനിടയിൽ അവർ ഉന്നയിച്ച ചോദ്യങ്ങൾക്കെല്ലാം അവർക്ക് അകമ്പടി സേവിച്ച അഭ്യാസികൾ ഉത്തരം നൽകുകയുണ്ടായി. അവർ സഹോദരൻ എ.പി. ദുരൈയുമൊത്ത് നടത്തിയ സംവേദത്തിൽ അവരുടെ ചോദ്യങ്ങൾക്കുത്തരമായി അദ്ദേഹം നൽകിയ പ്രഭാഷണം, സഹജമാർഗ്ഗത്തെക്കുറിച്ചും സഹജ മാർഗ്ഗം മന:ശാസ്ത്ര വിദ്യാർത്ഥികൾക്ക് എങ്ങനെ വളരെയധികം ഉപയോഗപ്രദമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു. അതിഥികൾക്ക് ഉച്ച ഭക്ഷണം ആശ്രമത്തിൽ തയ്യാറാക്കിയിരുന്നു. അവർക്ക് ആശ്രമാന്തരീക്ഷം വളരെയധികം ഇഷ്ടപ്പെടുകയും കൂടുതൽ സമയം അവിടെ ചിലവഴിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.



## എം.ബി.എ പഠിതാക്കളുടെ മണപ്പാക്കം ആശ്രമം സന്ദർശനം

മാർച്ച് 18–ന് ഐ.എസ്.ബി.ആർ സ്കൂൾ ഓഫ് ബിസിനസ്സിലെ 60 വിദ്യാർത്ഥികളും 3 അധ്യാപകരും പ്രിൻസിപ്പാൾ സത്യപ്രിയയോടൊത്ത് മണപ്പാക്കം ആശ്രമം സന്ദർശിച്ചു. സ്വയം കൈകാര്യം ചെയ്യൽ, ധാർമ്മികതയും മൂല്യങ്ങളും, മാസ്റ്ററുടെ ആവശ്യകതയും സഹജമാർഗ്ഗ സാധനയും എന്നീ വിഷയങ്ങളെപ്പറ്റി സഹോദരൻ എ.പി.ദുരൈ സംസാരിച്ചു. മുഴുകിയിരുന്ന വിദ്യാർത്ഥികൾ തങ്ങളുടെ സംശയങ്ങൾ തുടർന്നുണ്ടായ ചോദ്യോത്തരവേളയിൽ ഉന്നയിച്ചു. വിദ്യാർത്ഥികളിൽ നിന്നും പരിപാടിയെ അനുമോദിച്ചു കൊണ്ടുള്ള പ്രതികരണം ലഭിച്ചു. പ്രിൻസിപ്പാളും ഒരു അധ്യാപകനും സഹജമാർഗ്ഗ സാധന തുടങ്ങി. വന്നവർക്കെല്ലാം വളരെ ലളിതവും സ്വാദിഷ്ഠവുമായ ഉച്ച ഭക്ഷണം ക്യാൻറീനിൽ നിന്നും നൽകി. അവർക്കെല്ലാം സഹജമാർഗ്ഗം പ്രതിപാദിക്കുന്ന പ്രാഥമിക പുസ്തകങ്ങളും പിന്നെ എപ്പോൾ വേണമെങ്കിലും സഹായ സഹകരണവും ഉറപ്പുനൽകി.



## വി.ബി.എസ്.ഇ പരിപാടികൾ

തമിഴ്നാട്ടിലെ തേനിയിലെ നാടാർ സരസ്വതി കോളേജ് ഓഫ് ആർട്സ് ആൻറ് സയൻസ്സിൽ മൂന്നു ദിവസത്തെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു. എസ്.എം.ആർ.ടി.ഐ കോർഡിനേറ്ററായ സഹോദരി സീത കുഞ്ചിതപാദവും കോയമ്പത്തൂരിലെ സഹോദരി സുബ്ബലക്ഷ്മിയും ചേർന്നാണ് ഈ പരിപാടി നടത്തിയത്. മൂല്യങ്ങൾ ഉൾക്കൊണ്ടുള്ള ജീവിതം, സ്വഭാവവും മനോഭാവവും, മാനസിക സമ്മർദ്ദം കൈകാര്യം ചെയ്യാനുള്ള വഴികൾ, ദൃഢനിശ്ചയവും സഹിഷ്ണുതയും, മൂല്യങ്ങൾ എന്നാൽ എന്ത്, നേതൃത്വ ഗുണങ്ങൾ മാനവ ജീവിതത്തിൻെറ ലക്ഷ്യം എന്നീ വിഷയങ്ങളെ ആസ്പദമാക്കി വിദ്യാർത്ഥികൾക്കായി പരിപാടി നടത്തുകയുണ്ടായി. ഇതു കൂടാതെ ബി.എഡ്. വിദ്യാർത്ഥികൾക്കായി അധ്യാപകരുടെ പങ്ക്, മാനസിക സമ്മർദ്ദം കൈകാര്യം ചെയ്യാനുള്ള രീതികൾ എന്നീ വിഷയങ്ങളും പങ്കിട്ടു. ലക്ചറർമാരുമായി പങ്കിട്ട വിഷയങ്ങൾ ഇവയാണ് : അധ്യാപകരെ പരിശീലിപ്പിക്കുന്നവരുടെ പങ്ക്, അധ്യാപകരുടെ പങ്ക്, മൂല്യങ്ങൾ എങ്ങനെ പരിശീലിക്കണം, മാനസിക സമ്മർദ്ദങ്ങൾ കൈകാര്യം ചെയ്യേണ്ടുന്ന രീതി, റിലാക്സേഷൻ, ധ്യാനം, സ്വഭാവ രൂപീകരണം.

ഈ പരിപാടി വിദ്യാർത്ഥികളെയും അധ്യാപകരെയും ഉദ്ദേശിച്ചതായിരുന്നെങ്കിലും അവർ കൂടാതെ ഡ്രൈവർമാർ, അറ്റൻറർമാർ, പിന്നെ ടീച്ചർമാരല്ലാത്ത ഓഫീസ് സ്റ്റാഫ് എന്നിവരെയെല്ലാം ഒരു പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. പരിപാടിയുടെ തുടക്കത്തിൽ അവരുടെ എതിർപ്പ് പ്രകടമായിരുന്നെങ്കിലും പരിപാടിയുടെ അന്ത്യത്തിൽ അവരെല്ലാം അഹ്ലാദഭരിതരായി കാണപ്പെട്ടു. " പെൺകുട്ടികളുടെ കോളേജിൽ പുരുഷ ഡ്രൈവർമാരുടെ പങ്ക്" എന്നതും "ജീവിത മൂല്യങ്ങൾ" എന്നതുമായിരുന്നു ഡ്രൈവർമാർക്കും നോൺ ടീച്ചിംഗ് സ്റ്റാഫിനുമായി നടത്തിയ പരിപാടിയുടെ പ്രധാന വിഷയങ്ങൾ. പ്രവൃത്തിപരിചയം കൂടാതെ വേറെ കുറേ പ്രവൃത്തി ഇനങ്ങളെല്ലാം ഉൾപ്പെടുത്തിയത് ഒരു പുതിയ അനുഭവമായിരുന്നു, എല്ലാവരും ഇതിനെ വളരെയധികം അനുമോദിച്ചു.

## വി.ബി.എസ്.ഇ ഫാക്കൽറ്റി ട്രെയിനിംഗ്, ബാംഗ്ലൂർ

ബാംഗ്ലൂരിലെ ബനശങ്കരി ആശ്രമത്തിൽ മാർച്ച് 28നും – 29നും രണ്ടു ദിവസത്തെ ഫാകൽറ്റി ഡെവലപ്മൻറ് പ്രോഗ്രാം സംഘടിപ്പിച്ചു. 24 അഭ്യാസികൾ ഈ പരിപാടിയിൽ പങ്കെടുത്തു. മൂല്യാധിഷ്ഠിത അദ്ധ്യാത്മിക വിദ്യാഭ്യാസ സമ്പ്രദായത്തെ എങ്ങനെ ഫലപ്രദമായി പരിചയപ്പെടുത്താം എന്നതിനെപ്പറ്റി ഒരു മുഖവുരയാണ് ആദ്യ ദിവസം പകുതിയിൽ നടന്നത്. വി.ബി.എസ്.ഇയെക്കുറിച്ചുള്ള അഗാധമായ വിവരണവും സഹജ മാർഗ്ഗ തത്വങ്ങളും പിന്നെ മറ്റുള്ളവർക്ക് എങ്ങനെ വിവരിച്ചു കൊടുക്കണം എന്നതിനെപ്പറ്റിയുള്ള വിവരണങ്ങളായിരുന്നു ബാക്കിയുള്ള സമയങ്ങളിൽ നടന്നത്. സ്വയം സേവനത്തിൻെറ പ്രാധാന്യം, സ്വയം സേവകൻെറ ശരിയായ മനോഭാവം, ഫലവത്തായ പ്രസംഗ ശൈലി എന്നീ വിഷയങ്ങളെല്ലാം ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരുന്നു. പങ്കെടുത്ത എല്ലാവരോടും ഒരു വിഷയത്തെ ആസ്പദമാക്കി സംസാരിക്കുവാൻ ആവശ്യപ്പെട്ടു. പ്രസംഗത്തിൽ മുൻ പരിചയം ഉള്ളവർ ഇതിനെ നിയന്ത്രിച്ചു. ഈ ട്രെയിനിംഗ് പ്രോഗ്രാമിൻെറ തുടർച്ച എന്നതുപോലെ പങ്കെടുത്തവരോട് വരും കൊല്ലത്തെ അഞ്ച് വി.ബി.എസ്.ഇ പരിപാടിയുടെ മുഴുവൻ ചുമതലയും ഏറ്റെടുക്കാൻ ഉദ്ഘോഷിച്ചു.

## പ്രിഫെക്റ്റ് ട്രെയിനിംഗ് പ്രോഗ്രാം, മലമ്പുഴ



അത്യധികം ഫലപ്രദവും ആഴത്തിലുള്ളതുമായ ഒരു പരിശീലനപരിപാടി പ്രിഫെക്റ്റർമാർക്കുവേണ്ടി മലമ്പുഴ റിട്രീറ്റ് സെൻററിൽ വെച്ച് മാർച്ച് 14നും 15നുംനടത്തുകയുണ്ടായി. തമിഴ്നാട്ടിലെ വേലൂർ, ആർണി, പോണ്ടിച്ചേരി, വിഴുപ്പുറം, ഹൊസൂർ, കൃഷ്ണഗിരി, ഹാരൂർ, ട്രിച്ചി, കരൂർ എന്നീ പ്രദേശങ്ങളിൽ നിന്നുള്ള 37 പേർ പ്രിസപ്റ്റർമാർക്കുള്ള ഈ പരിശീലനപരിപാടിയിൽ പങ്കെടുത്തു. താഴെ പറയുന്ന വിഷയങ്ങൾ മുഖ്യമായും, സത്യോദയം, പ്രിസപ്റ്റേഴ്സ് ഗൈഡ്, വിസ്പേർസ് മുതലായ പുസ്തകങ്ങളിൽ നിന്നുള്ളവ കമ്പ്യൂട്ടറിന്റെ ദൃശ്യമാദ്ധ്യമം മുഖേന പങ്കാളികളുമായി പരസ്പര ആശയ വിനിമയ രൂപത്തിൽ അവസരിപ്പിച്ചു.

സഹജമാർഗ തത്വങ്ങളും പരിശീലനവും-രാജേഷ് റാതോഡ്
പ്രിസപ്റ്റർമാരുടെ പങ്കും,ഉത്തരവാദിത്വവും,ജോലിയും--എൻ. പ്രകാഷ്
വിസ്പേർസ് ഫ്രം ദി ബ്രൈറ്റർ വേൾഡ് ഒരു ദിവ്യ സമ്മാനം--ബി.ജി.പ്രസന്നകൃഷ്ണ
പ്രിസപ്റ്റർമാരുടെ ജോലിയും,വിശദീകരണവും-ജി.രാജവേൽ
സഹജമാർഗകുടുംബം-ഏഴിലരശി
ഉപസംഹാരം-സഹോ. കാമാക്ഷി നടരാജൻ

സഹോ. സി. രാജഗോപാലൻ(സോണൽ ഇൻ ചാർജ്, ഉത്തര തമിഴ്നാട്)നായിരുന്നു ഈ പരിപാടിയുടെ മേൽനോട്ടം. അദ്ദേഹം തന്റെ സ്വന്തം അനുഭവങ്ങളിൽ നിന്നും വിലപ്പെട്ട പല സംഭാവനകളും നൽകി. തങ്ങളുടെ സ്വന്തം മാറ്റത്തിൽ ഊന്നൽ നൽകി അതിലൂടെ മറ്റുള്ളവരുടെ മാറ്റത്തിന് ഒരു ഉപകരണമാവുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം.ഇഛാശക്തി ഉപയോഗിച്ച് വേണ്ട മാറ്റം നമ്മളിൽ തന്നെ വരുത്തി നമ്മെ ഏൽപ്പിച്ച ജോലി ആത്മാർത്ഥതയോടെ ചെയ്താൽ തീർച്ചയായും അത് മാസ്റ്റർക്ക് സന്തോഷം നൽകും എന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു.

**ഭോപ്പാൽ കേന്ദ്രം** ഏപ്രിൽ 5ന് നടത്തിയ പരിപാടിയിൽ അവിടത്തെ ആശ്രമം പരിപാലന കമ്മിറ്റി തങ്ങളുടെ അനുഭവം അവിടത്തെ അഭ്യാസികളുമായി പങ്കു വെച്ചു. രണ്ടു വർഷം മുമ്പ് മാസ്റ്റർ രൂപീകരിച്ച കമ്മിറ്റിയാണ് കേന്ദ്രത്തിന്റെ സ്വത്തുവകകൾ പരിപാലിച്ചു പോരുന്നത്. അഞ്ചംഗങ്ങളുള്ള കമ്മിറ്റിയിൽ സോണൽ ഇൻ ചാർജ്ജും സെൻറർ ഇൻ ചാർജ്ജും ആശ്രമം മാനേജരും ഈ കമ്മിറ്റിയിലെ സ്ഥിരാംഗങ്ങളാണ്. ഈ കമ്മിറ്റിയുടെ നിലനിൽപിനെക്കുറിച്ച് അഭ്യാസികൾക്ക് ഒരു ധാരണ ഉണ്ടാക്കുകയും, അതിലൂടെ എങ്ങനെ ആശ്രമത്തിന്റെ ഭരണകാര്യങ്ങൾ നടപ്പിലാക്കാമെന്നും അവരെ മനസ്സിലാക്കിയ്ക്കുകയും ചെയ്തു. സഹോദരൻ രമാകാന്ത് അവർകളും, രാജേഷ് അവർകളും കമ്മിറ്റി മെമ്പർമാർ എന്ന നിലയിൽ തങ്ങളുടെ അനുഭവം പങ്കുവെച്ചു.

## ഷോലാപൂർ ആശ്രമം



മഹാരാഷ്ട്രയിലെ ഷോലാപൂരിൽ അക്കൽകോട്ട് റോഡിൽ സിറ്റിയിൽ നിന്നും അഞ്ചു കിലോമീറ്റർ മാറി ഒന്നര ഏക്കർ സ്ഥലം 2008 മെയ് 28ന് വാങ്ങിയിരുന്നു. 2009 ഏപ്രിൽ 15ന് ഭൂമിപൂജയും കെട്ടിടനിർമാണത്തിന്റെ പ്രാരംഭപരിപാടികളും ആരംഭിച്ചു. വെള്ളത്തിന്റെയും വൈദ്യുതിയുടെയും സൗകര്യങ്ങൾ, ചുറ്റുവേലി, വാച്ച്മാന്റെ താമസസൗകര്യം എന്നിവയും ഇതിൽ പെടും. ആവേശം നിറഞ്ഞ ഹൃദയത്തോടെ അഭ്യാസികൾ രാവിലെ ആറു മണിക്കുതന്നെ സ്ഥലത്തു സന്നിഹിതരായിരുന്നു. രാവിലെ 6.30ന് നടന്ന സത്സംഗത്തിൽ 60 ഓളം അഭ്യാസികൾ പങ്കെടുത്തു.

ആശ്രമസ്ഥലം നിരപ്പാക്കുക, ചെടികൾ വെച്ചു പിടിപ്പിക്കുക തുടങ്ങിയ അത്യാവശ്യ ജോലികൾ ചെയ്യുന്നതിന് അവസരം ലഭിച്ചതിൽ അഭ്യാസികൾ അത്യധികം ആഹ്ലാദചിത്തരായിരുന്നു.

## ദക്ഷിണ കർണാടക

സോണൽ സെക്രട്ടറി ശരത് ഹെഗ്ഡെ അടക്കമുള്ള മൂന്നംഗ ടീം ദക്ഷിണ കർണാടകയിലെ മൽനാട് ഭാഗത്തുള്ള പുതിയതായി തുറന്ന കേന്ദ്രങ്ങളിലെ അഭ്യാസികളെ കാണുന്നതിനായി ഒരു യാത്രാ പരിപാടി തയ്യാറാക്കി. കന്നട പുതു വത്സരദിനമായ ഉഗാധി(മാർച്ച് 27)-ദിനം ബാംഗ്ലൂരിൽ നിന്നും ആരംഭിച്ച ഇവർ വഴിയിൽ തുംകൂർ, തിപ്തൂർ എന്നീ കേന്ദ്രങ്ങൾ അവർ സന്ദർശിച്ചു. അവിടെ മിഷന് ആശ്രമങ്ങളുണ്ട്. അവർ കഡൂർ എന്ന സ്ഥലത്ത് എത്തിയപ്പോൾ കണ്ട കാഴ്ച അവരെ അത്ഭുതപ്പെടുത്തി. അവിടത്തെ ഒരു അഭ്യാസി കുടുംബം പ്രിസപ്റ്റർമാരുടെ സഹായമില്ലാതെ മാസ്റ്ററെമാത്രം ആശ്രയിച്ച് വളരെക്കാലമായി പരിശീലനം ചെയ്തുവരുന്നുണ്ടായിരുന്നു. നാൽപതു മുതൽ എഴുപതു കിലോമീറ്റർ വരെ യാത്ര ചെയ്തായിരുന്നു ഇവർ സത്സംഗത്തിൽ പങ്കെടുത്തിരുന്നത്. കാഴ്ച നഷ്ടപ്പെട്ട വയോവൃദ്ധനായ അച്ഛന്റെ ജീവിതത്തോടുള്ള ഗുണാത്മകമായ കാഴ്ചപ്പാട് അത്ഭുതപ്പെടുത്തുന്നതായിരുന്നു. അദ്ദേഹം ഒരു കട നടത്തി വരികയാണ്.

ഷിമോഗയിൽ രാത്രി തങ്ങിയശേഷം അവർ ഹൊസനഗര എന്ന സ്ഥലത്തേക്കു തിരിച്ചു. ഇവിടെയാണ് മൽനാട് വനപ്രദേശങ്ങൾ നിബിഡമായിരിക്കുന്നത്. സഹോദരൻ അനന്ത് രാമും കുടുംബവും സിറ്റിംഗ് എടുത്തു. സമീപത്തുള്ള ഹംച എന്ന സ്ഥലത്തുള്ള ഒരു സഹോദരി അവരുടെ സ്ഥലത്തേക്ക് ക്ഷണിച്ചു. പ്രിസപ്റ്റർമാരെ കണ്ടതിൽ അവർ അത്യധികം സന്തോഷത്തിലായിരുന്നു. മൂന്നു മാസത്തെ പരിശീലനത്തിനുള്ളിൽ അവർക്കു വന്ന മാറ്റം അവർ വിവരിച്ചു. മാസ്റ്ററെ കാണുവാനുള്ള അവരുടെ ആഗ്രഹം അവർ അറിയിച്ചു. അവിടെ നിന്നും തീർത്ഥഹള്ളിയിലെയും കോപ്പയിലെയും അഭ്യാസികളെ കാണുന്നതിനുവേണ്ടി പുറപ്പെട്ടു. ഈ രണ്ടു സ്ഥലങ്ങളും അവിടത്തെ ചെറിയ പട്ടണങ്ങളാണ്.

അവസാനത്തെ ദിവസം ആരംഭിച്ചത് ചിക്മംഗ്ലൂരിലെ സത്സംഗത്തോടെയായിരുന്നു. ഹസ്സനിലെ അഭ്യാസികളെ കണ്ട ശേഷം ടീം ബാംഗ്ലൂരിൽ തിരിച്ചെത്തി.

ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

സോണൽ വാർത്തകൾ

മെയ് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 3

ധാരാളം പരിശീലന വേദികളും ആശയവിനിമയത്തിനുള്ള സന്ദർഭങ്ങളും, കഴിഞ്ഞ രണ്ടു മാസത്തിൽ രാജ്യത്തിൻെറ വിവിധ ഭാഗത്തുള്ള കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. ഓരോ കേന്ദ്രത്തിൻെറയും പ്രത്യേക ആവശ്യങ്ങൾക്കുതകും വിധമായിരുന്നു ഇതിൻെറ ഘടന. മാത്രമല്ല അഭ്യാസികൾക്കു സ്വയം പരിശീലനം സിദ്ധിക്കുന്നതിനും, സഹജമാർഗ പദ്ധതിയെക്കുറിച്ച് ഒരു ശരിയായ അറിവ് ഉണ്ടാക്കുന്നതിനും ഇത് അവസരമൊരുക്കി.

മാസ്റ്ററുമായുള്ള ബന്ധം എന്ന വിഷയത്തിൽ ഊന്നി ഫെബ്രുവരി 9ന് റാണികേത് കേന്ദ്രത്തിൽ ഒരു പരിപാടി ചെറുപ്പക്കാരെ ലക്ഷ്യം വെച്ചുകൊണ്ട് സംഘടിപ്പിച്ചു. പരിപാടിയിൽ പങ്കെടുത്തവർ സ്വയം പരിചയപ്പെടുത്തുകയും, മാസ്റ്ററുമായുള്ള തങ്ങളുടെ ബന്ധം വിശദീകരിക്കുകയും ചെയ്തു. സഹജമാർഗ സാധനയുടെ വിവിധ വശങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് 20 ചോദ്യങ്ങൾ അടങ്ങുന്ന ഒരു ചോദ്യോത്തര പരിപാടി അവതരിപ്പിച്ചു. സഹജമാർഗത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിന് ഇതവരെ സഹായിച്ചു.



ഉത്തരാഖണ്ടിലുള്ള പിത്തോർഗർ കേന്ദ്രത്തിലെ അഭ്യാസികൾക്കു വേണ്ടി മാർച്ച് 10നും 11നും ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി. ധാരാളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. സഹജമാർഗ പദ്ധതിയെക്കുറിച്ചും,പ്രാർത്ഥന,ശുദ്ധീകരണം മുതലായവയെക്കുറിച്ചും ചർച്ച ചെയ്തു കൊണ്ടായിരുന്നു പരിപാടി ആരംഭിച്ചത്. തുടർന്ന് സ്വഭാവരൂപീകരണം, സമൂഹത്തിൽ അഭ്യാസിയുടെ പങ്, സഹജമാർഗത്തെക്കുറിച്ചുള്ള അവബോധം, മുതലായ വിഷയങ്ങളെക്കുറിച്ചുള്ള ഒരു ശിൽപശാലയും ഉണ്ടായി. രണ്ടാമത്തെ ദിവസം ഗുരുവിൻെറ പങ്ക്, സാഹോദര്യം,നിരന്തരസ്മരണ മുതലായ വിഷയങ്ങളും ചർച്ച ചെയ്തു. അഭ്യാസികൾ ഈ പരിശീലന പരിപാടിയുടെ ഗുണമേന്മയെക്കുറിച്ച് പിന്നീട് വിലയിരുത്തി. രാത്രി ഒമ്പതുമണിയുടെ സാർവലൗകിക പ്രാർത്ഥന വീഴ്ച വരുത്താതെ അനുവർത്തിക്കുമെന്നും എല്ലാവരും പ്രതിജ്ഞയെടുത്തു.

ഫെബ്രുവരി 15 ന് കാശിപൂർ സെൻററിലും ഒരു പരിശീലന പദ്ധതി സംഘടിപ്പിച്ചു. പുതിയതായി ചേർന്ന അറുപതോളം വരുന്ന അഭ്യാസികൾക്ക് സഹജമാർഗ ധ്യാനത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് വ്യക്തമായ ഒരു അവബോധം ഉണ്ടാക്കുവാൻ ഈ പദ്ധതി സഹായിച്ചു. ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന തുടങ്ങിയ വിഷയങ്ങളെ കുറിച്ചുള്ള പ്രഭാഷണങ്ങളോടെ പരിപാടികൾ ആരംഭിച്ചു. തുടർന്ന് ചോദ്യോത്തരവേളയായിരുന്നു.അടുത്ത ഘട്ടത്തിൽ നിരന്തരസ്മരണയെക്കുറിച്ചുള്ള ചർച്ചയിൽ 59 ഓളം ശ്രോതാക്കളുണ്ടായിരുന്നു. നിരന്തരസ്മരണയും ചിന്തയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാനുള്ള അവസരം ഈ ചർച്ചകളിൽ നിന്നും അവർക്ക് ലഭിച്ചു. ചർച്ചകളിൽ തുറന്ന മനസ്സോടെ പങ്കെടുക്കുന്നതിന് ഈ പരിപാടി സഹായിച്ചു.





ഗ്വാളിയോറിൽനിന്നും 70 കി.മി. അകലെ സ്ഥിതി ചെയ്യുന്ന ദാത്തിയ സെൻററിൽ വെച്ച് മാർച്ച് 29ന് ഒരു സെമിനാർ സംഘടിപ്പിച്ചു. "ഈ കേന്ദ്രത്തിൻെറ വളർച്ചക്ക് എനിക്കെങ്ങനെ സംഭാവന ചെയ്യാം" എന്നതായിരുന്നു ചർച്ചാ വിഷയം. നിരന്തരസ്മരണയിൽ വളൻറിയർ ജോലി ചെയ്യുകയാണെങ്കിൽ അത് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും അതു വഴി മിഷൻെറ വളർച്ച ഉറപ്പു വരുത്താമെന്നുമായിരുന്നു സെമിനാറിൽനിന്നും ഉരുതിരിഞ്ഞ ആശയം. സംഭാവനകൾ നൽകുന്നതും മാസ്റ്ററോടുള്ള കൃതജ്ഞതയായി കണക്കാക്കാമെന്നും അഭിപ്രായമുണ്ടായി.

ഗ്വാളിയോറിനടുത്തു കിടക്കുന്ന ശിവപുരി എന്ന കേന്ദ്രത്തിൽ മാർച്ച് 22ന് ഒരു പ്രത്യേക സെഷൻ സംഘടിപ്പിച്ചതിൽ 23 അഭ്യാസികൾ പങ്കെടുത്തു. അവർ കൃത്യമായി സത്സംഗത്തിൽ പങ്കെടുക്കാത്തവരായിരുന്നു. സഹജമാർഗത്തെക്കുറിച്ചുള്ള വികലമായ ധാരണയായിരുന്നു ഇതിനു കാരണം. പ്രിസപ്റ്റർമാർ, അഭ്യാസികളുടെ സംശയങ്ങൾ നിവർത്തിച്ചു. മാസ്റ്ററുടെ അനുഗ്രഹത്താൽ 10 അഭ്യാസികൾ സാധന പുനരാരംഭിച്ചു.



പദ്ധതിയെക്കുറിച്ച് പൂർണ്ണമായി അറിയുന്നതിനും കൃത്യമായി പരിശീലിക്കുന്നതു ഉറപ്പ് വരുത്തുന്നതിനും പുതിയ അഭ്യാസികളെ ആറുമാസം എങ്കിലും ശ്രദ്ധിക്കേണ്ടത് അനിവാര്യമാണെന്നത് ഇതിൽ നിന്നും മനസ്സിലായി.

ഫെബ്രുവരിയിലെ മാസ്റ്ററുടെ സന്ദർശനത്തിനുശേഷം ഇൻഡോർ കേന്ദ്രത്തിൽ പുതിയ അഭ്യാസികൾക്കായി ഒരു മീറ്റിംഗ് വിളിച്ചു കൂട്ടി. സാധനയുടെ വിവിധവശങ്ങളെക്കുറിച്ച് സവിസ്തരം അഭ്യാസികൾക്ക് വിശദീകരിച്ചുകൊടുത്തു.പുതിയതും പഴയതുമായ അഭ്യാസികളുമായി ധാരാളം ആശയവിനിമയം ഇതിൽ നിന്നും ഉണ്ടായി.

മാർച് 15ന് ജയ്പൂരിൽ വെച്ച് മാർവാഡിയിൽ പുതിയ അഭ്യാസികൾക്ക് ഒരു സെമിനാർ നടത്തുകയുണ്ടായി.ധ്യാനം,ശുദ്ധീകരണം, പ്രാർഥന എന്നീ അടിസ്ഥാനവിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങളും അതെ തുടർന്ന് ചോദ്യോത്തരങ്ങളും ഉണ്ടായി. ഇത് ആദ്യമായാണ് മാതൃഭാഷയിൽ ഒരു സെമിനാർ സംഘടിപ്പിക്കുന്നത്.സമീപത്തുള്ള ഗ്രാമത്തിലെ ജനങ്ങളും പങ്കെടുത്തിരുന്നു. മാതൃഭാഷയിലായിരുന്നതു കൊണ്ട് അവർക്ക് പദ്ധതിയെ കുറിച്ച് വ്യക്തമായ അറിവ് ഉണ്ടാക്കുന്നതിന് ഇത് സഹായിച്ചു. 30 ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. ഇത്തരത്തിലുള്ള പരിപാടികൾ രണ്ടോ മൂന്നോ മാസം കൂടുമ്പോൾ വേണമെന്ന് അവർ അഭിപ്രായപ്പെട്ടു.

ആന്ധ്രാപ്രദേശിലുള്ള കാക്കിനാടയ്ക്കടുത്തുള്ള ദ്രാക്ഷാരാമം എന്ന കേന്ദ്രത്തിൽ ഇപ്പോൾ ഏകദേശം 35 അഭ്യാസികളുണ്ട്. സാധനയുടെ താത്വികവും പ്രായോഗികവുമായ അടിസ്ഥാനപരമായ കാര്യങ്ങൾ വിശദീകരിക്കുന്നതിനുവേണ്ടി ഒരു ട്രെയിനിംഗ് പ്രോഗ്രാം മാർച്ച് 5ന് ഇവിടെ ആസൂത്രണം ചെയ്തു. സഹജമാർഗത്തെക്കുർച്ച് വ്യക്തമായി അറിയുന്നതിനും പരിശീലനം മുറ തെറ്റാതെ ചെയ്യുന്നതിനും വേണ്ടിയായിരുന്നു ഈ പരിശീലനം.കാക്കിനാഡ കേന്ദ്രത്തിൻെറ സെൻറർ ഇൻ ചാർജ് ആയിരുന്നു ഈ പരിപാടിക്ക് നേതൃത്വം നൽകിയത് . സെൻറർ കോ-ഓർഡിനേറ്റർ ആയ വി. ശിവറാമിൻെറ വീട്ടിൽ വെച്ചായിരുന്നു ഈ സെമിനാർ സംഘടിപ്പിച്ചത്. ഇത്തരത്തിലുള്ള ഒരു സെമിനാർ ഇവിടെ ആദ്യമായിരുന്നു. അമ്പലങ്ങൾ തിങ്ങി നിൽക്കുന്ന ഇത്തരം പട്ടണങ്ങൾ സഹജമാർഗത്തിന് വാതിൽ തുറക്കും എന്ന ചിന്തയാണ് ഇതിന് പിന്നിൽ.

കാഷിപൂർ സെൻററിൽ ഏപ്രിൽ 9–ാം തിയതി ഒരു തുറന്ന സദസ്സ് സംഘടിപ്പിച്ചു. 30ഓളം പേർ പങ്കെടുത്ത ഈ പരിപാടിയിൽ , ജീവിതത്തിൽ ശരിയായ ഒരു ലക്ഷ്യത്തിൻെറ പ്രസക്തി , മനസ്സ് ക്രമീകരിക്കേണ്ടതിൻെറ ആവശ്യകത , സന്തുലിതമായ ജീവിതത്തിൻെറ ആവശ്യം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. ചർച്ചയെ തുടർന്ന് സംശയങ്ങൾ ദുരീകരിക്കുന്നതിന് സമയം നൽകി. ചോദ്യകർത്താക്കളിൽനിന്നും വിഷയവുമായി ബന്ധപ്പെട്ട ചോദ്യങ്ങളിൽനിന്നും ഈ തുറന്ന സദസ്സ് വിജയമായിരുന്നു എന്ന സൂചനയാണ് ലഭിച്ചത്.

“മാർച് 21–ാം തിയ്യതി ബാംഗ്ലൂരിലെ 'പരംധാം' ആശ്രമത്തിൽ ” സഹജമാർഗ ധ്യാന പദ്ധതി' എന്ന വിഷയത്തെ അവലംഭിച്ച തുറന്ന സദസ്സ് നടത്തി. 2008 നവംബറിൽ ആശ്രമം ഉദ്ഘാടനം നടന്നതിനു ശേഷം നടന്ന ആദ്യത്തെ പൊതുചടങ്ങായിരുന്നു ഇത്.80 ഓളം അതിഥികൾ പങ്കെടുത്ത ഈ പരിപാടിക്ക് നല്ല പ്രതികരണമാണ് ക്ഷണിതാക്കളിൽ നിന്നും ലഭിച്ചത്. ധ്യാനത്തിൻെറ ആവശ്യകതയെപ്പറ്റി ബ്രദർ സുബ്രമണ്യൻ ശങ്കരൻ നടത്തിയ പ്രഭാഷണത്തോടുകൂടി പരിപാടി തുടങ്ങി. അതിനെ തുടർന്ന് പത്തുമിനിറ്റോളം കണ്ണടച്ചിരിക്കുവാൻ പങ്കെടുത്തവരോട് ആവശ്യപ്പെട്ടു. 'ധ്യാനവും അമേരിക്കക്കാരുടെ ദൈനംദിന ജീവിതത്തിലെ ആത്മീയതയും' എന്ന വിഷയത്തെപ്പറ്റിയുള്ള മാസ്റ്ററുടെ പ്രഭാഷണം വീഡിയോ ടേപ്പിലൂടെ അവരെ കേൾപ്പിച്ചു. തുടർന്ന് സഹജമാർഗധ്യാനത്തെപ്പറ്റി ബ്രദർ സുബ്രമണ്യൻ ചോദ്യോത്തരത്തിലൂടെ വിശദീകരിച്ചു. പങ്കെടുത്തവരെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് സംശയനിവാരണത്തിനായി അഭാസികളുമായി അടുത്തിടപഴകാൻ സന്ദർഭം കൊടുത്തു. ധ്യാനം തുടങ്ങാനായി പങ്കെടുത്തവരിൽ പലരും ഉത്സാഹം കാണിച്ചു.

മാർച്ച് 9–ാം തിയ്യതി ഗുൽബർഗയിലെ പൂജ്യ ദൊഡ്ഡപ്പ അപ്പ എഞ്ചിനീയറിംഗ് കോളേജിൽ ഒരു തുറന്ന സദസ്സ് നടത്തി.



'മനോനിയന്ത്രണത്തിലൂടെ പരിപൂർണ്ണ വ്യക്തിത്വം' എന്ന വിഷയത്തെ അധികരിച്ചാണ് ഈ പരിപാടി നടത്തിയത്. ഡോ. ഗജേന്ദ്രസിംഗ് ഈ വിഷയത്തെ കുറിച്ച് സംസാരിച്ചു. തികഞ്ഞ നിശ്ശബ്ദത ഉളവായ ഈ പരിപാടിയിലുടനീളം പ്രാണാഹുതിയുടെ പ്രസരണം അനുഭവവേദ്യമായി. തുടർന്ന് ചോദ്യോത്തരവേളയുണ്ടായി. അഞ്ചു് വിദ്യാർഥികൾ സഹജമാർഗപരിശീലനം തുടരാൻ സന്നദ്ധത പ്രകടിപ്പിച്ചു.

ഹുബ്ലി സെൻററിൻെറ ആഭിമുഖ്യത്തിൽ മാർച്ച് 12ന് എസ്.ബി.എം.ഓഫീസേർസ് ക്ലബ്ബിൽ വെച്ച് ധ്യാനത്തിൻെറ ഗുണത്തെ വിശദീകരിക്കുന്നതിന് ഒരു തുറന്ന സദസ്സ് സംഘടിപ്പിച്ചു. മിഷനെപ്പറ്റിയും 'ധ്യാനത്തിലൂടെ സംഘർഷത്തെ മറി കടക്കാം' തുടങ്ങിയ വിഷയങ്ങളെ പ്രതിപാദിച്ച് ബ്രാ. ജി. എസ്. കാമത്ത്, സിസ്റ്റർ ഗീത എന്നിവർ സംസാരിച്ചു. പരിശീലത്തെപ്പറ്റിയുള്ള തുടക്കക്കാർക്കുള്ള മിഷൻ പുസ്തകങ്ങൾ വാങ്ങിക്കുവാൻ പങ്കെടുത്തവർ ഉത്സുകരായി.

## മുംബൈ

മുംബൈയിലെ സെൻറർ റെയിൽവെ ഇലക്ട്രിക്കൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ട്രെയിനികൾക്ക് സഹജമാർഗധ്യാനം പരിചയപ്പെടുത്തുന്നതിനായി പകുതി ദിവസം നീണ്ടു നിന്ന ഒരു പരിപാടി നടത്തി.

ട്രെയിനികളും ഉദ്യോഗസ്ഥരുമടക്കം എൺപതോളം പേർ ഈ പരിപാടിയിൽ പങ്കെടുത്തു. ദൈനം ദിന ജീവിതത്തിൽ ആത്മീയതയുടെയും ധ്യാനത്തിൻെറയും പ്രസക്തിയെക്കുറിച്ച് ബ്രദർ തുഷാർ പ്രധാൻ സംസാരിച്ചു.

സഹജമാർഗ ധ്യാനത്തെക്കുറിച്ചും അതിൻെറ വിവിധ വശങ്ങളെക്കുറിച്ചും , വ്യക്തിയുടെ പരിണാമത്തിന് പ്രാണാഹുതി എങ്ങനെ സഹായകമാകുന്നതെന്നതിനെക്കുറിച്ചും ബ്രദർ വിശ്വാസ് തില്ലു സംസാരിച്ചു. മാസ്റ്റർ പുതിയ അഭ്യാസികളെ അഭിസംബോധന ചെയ്യുന്നതിൻെറ ഒരു വീഡിയോ പ്രദർശനം ബ്രദർ ശ്രീധർ തോഡ നടത്തി. ഇതിനെ തുടർന്ന് ചോദ്യോത്തരവേളയുണ്ടായി.

പങ്കെടുത്തവർ രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും ഉള്ളവരായതിനാൽ അതാത് പ്രദേശത്തെ പ്രിസപ്റ്റേഴ്സിനെ ബന്ധപ്പെടുവാനുള്ള വഴി അവർക്ക് പറഞ്ഞുകൊടുത്തു. എല്ലാ മാസങ്ങളിലും പുതിയതായിവരുന്ന ട്രെയിനികൾക്കായി ഇത്തരം പരിപാട1 തുടർന്നും നടത്തുവാൻ ഇൻസ്റ്റിറ്റ്യൂട്ടിൻെറ അധികൃതർ അപേക്ഷിച്ചു.

## റൂർക്കി

2009 മാർച്ച് 29ന് റൂർക്കി ആശ്രമത്തിൽ ഒരു തുറന്ന സദസ്സ് നടത്തി. നഗരത്തിലെ പ്രമുഖ സ്ഥാനങ്ങളിൽ ആശ്രമ ബാനറുകൾ പ്രദർശിപ്പിക്കുകയും അഭ്യാസികൾ തങ്ങളുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും ക്ഷണപത്രിക വഴി ഈ പരിപാടിയിൽ പങ്കെടുക്കാൻ അപേക്ഷിക്കുകയും ചെയ്തു.

ഈ പരിപാടിയിൽ ഏകദേശം 150 ഓളം പേർ പങ്കെടുത്തു. ബ്രദർ ഗ്യാനേശ്വർ സരിനും സിസ്റ്റർ ഛാവിയും പങ്കെടുത്തവരെ അഭിസംബോധന ചെയ്യുകയും അവരുടെ ചോദ്യങ്ങൾക്ക് വിശദീകരണം നൽകുകയും ചെയ്തു. ഇതിനുശേഷം ഉച്ച ഭക്ഷണം നൽകി. പരിപാടിയിൽ പങ്കെടുത്തവർ ഇതിൽ വളരെയധികം മുഴുകുകയും, പരിശീലനം തുടങ്ങുവാൻ സന്നദ്ധരാകുകയും ചെയ്തു. 13 ഓളം പേർ പരിശീലനം തുടങ്ങി. ഈ പരിപാടിയെക്കുറിച്ചും മഴയെ അവഗണിച്ച് ധാരാളം പേർ ഇതിൽ പങ്കെടുത്തതിനെക്കുറിച്ചും പ്രാദേശിക ദിനപത്രങ്ങൾ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു.

## സോൺ വാഡി, മഹാരാഷ്ട്ര

മഹാരാഷ്ട്രയിലെ സോൺ വാഡിയിൽ(ഔറംഗബാദിൽ)ഫെബ്രുവരി 24ന് ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇതിൽ സോൺ വാഡിയിൽനിന്നും ലാസൂതിൽനിന്നുമുള്ള ഏകദേശം 40 അഭ്യാസികൾ പങ്കെടുത്തു. 'സഹജമാർഗത്തിൻെറ അടിസ്ഥാനപ്രമാണങ്ങൾ ,' 'പ്രാർഥനയും ധ്യാനവും' തുടങ്ങിയ വിഷയങ്ങളെപ്പറ്റി ബ്രദർ ഗിർഗെ,രാവിലെ സംസാരിച്ചു. 'സാഹോദര്യത്തെക്കുറിച്ചും' 'രാജയോഗത്തെക്കുറിച്ചും ബ്രദർ ചൗഹാനും ബ്രദർ ചിതെയും സംസാരിച്ചു. ഉച്ചഭക്ഷണത്തിനുശേഷം സോൺ വാഡിയിലെ താമസക്കാർക്കായി ഒരു തുറന്ന സദസ്സ് നടത്തി. അതിൽ പങ്കെടുത്തവർക്കായി സഹജമാർഗധ്യാനപദ്ധതി വിശദീകരിച്ചു. ചില അഭ്യാസികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുകയും തങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിശദീകരിക്കുകയും ചെയ്തു. പങ്കെടുത്തവരുടെ സൗകര്യാർത്ഥം, ഹിന്ദിയിലും മറാട്ടിയിലുമാണ് വിശദീകരണങ്ങൾ ഉണ്ടായത്. സോൺ വാഡി പാഠശാല എന്ന പ്രാദേശിക സ്കൂളിലെ വിദ്യാർത്ഥികൾക്കായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തെപ്പറ്റി ഒരു മണിക്കൂർ നീണ്ടുനിന്ന വിശദീകരണം നൽകി. ആറുമണിക്കുള്ള സത്സംഗത്തോടെ പരിപാടി അവസാനിപ്പിച്ചു.

## ആന്ധ്രാപ്രദേശ് ,സൗത്ത് സോൺ

ഫെബ്രുവരി 19 ന് ജോയൻറ് സെക്രട്ടറി എ.പി.ദുരൈ, സോൺ1-ബിയിലെ സെ.ഇൻ. ചാ.ബ്രദർ ഗംഗാധറുമൊത്ത് യമ്മിഗഹൂർ, കർണ്ണൂൽ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. യമ്മിഗാഹൂരിൽ ഏകദേശം 40 ഓളം അഭ്യാസികൾക്കായി ബ്രദർ എ.പി. ദുരൈ സദ്സംഗം നടത്തി.ബ്രദർ ഗംഗാദറിൻെറ കുടുംബട്രസ്റ്റ് നടത്തുന്ന ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ അദ്ദേഹം സന്ദർശിച്ചു. സ്കൂൾ യൂണിഫോം ധരിച്ച 900 വിദ്യാർഥികളും പെൺകുട്ടികളുടെ എൻ.സി.സി.യും അവിടെ ഉണ്ടായിരുന്നു. ബ്രദർ ദുരൈ, അവരുടെ പരേഡും, അസ്സംബ്ലിയും പരിശോധിച്ചു. മാസ്റ്ററുടെ ബോധനങ്ങളെ കുറിച്ച് അദ്ദേഹം അവരോട് സംസാരിച്ചത് അവർ ശ്രദ്ധയോടെ ശ്രവിച്ചു. എല്ലാ വിദ്യാർഥികൾക്കുമായി മിഷൻ പ്രാർഥനയും മൂല്യാധിഷ്ടിത വിദ്യാഭ്യാസാപരിപാടിയും തുടങ്ങാൻ തീരുമാനിച്ചു. പിന്നീട് ബ്രദർ ദുരൈ ഗംഗാധറിൻെറ തറവാട്ടിൽ നടത്തുന്ന മറ്റൊരു സ്കൂൾ കൂടി സന്ദർശിച്ചു. ഇവിടെ 120 ഓളം പാവപ്പെട്ട വിദ്യാർഥികൾക്കായി സൗജന്യ വിദ്യാഭ്യാസവും ഭക്ഷണവും നൽകുന്നുണ്ട്.



കർണൂലിൽ അദ്ദേഹം 180 ഓളം അഭ്യാസികൾക്കായി സത്സംഗം നടത്തി. ഉച്ചഭക്ഷണത്തിനു ശേഷം ചോദ്യോത്തര വേളയുണ്ടായി. അദ്ദേഹം ചോദ്യങ്ങൾ ചോദിക്കുകയും അഭ്യാസികളുടെ ചോദ്യങ്ങൾക്ക് വിശദീകരണം നൽകുകയും ചെയ്തു.



വൈകുന്നേരം നടത്തിയ സത്സംഗത്തിൽ 280 പേർ പങ്കെടുത്തു. പിന്നീട് നടത്തിയ മറ്റൊരു ചോദ്യോത്തരവേളയിൽ മാസ്റ്ററുടെ ഉദ്ബോധനങ്ങൾക്കനുസൃതമായി അദ്ദേഹം അഭ്യാസികളുടെ സംശയങ്ങൾക്ക് വിശദീകരണങ്ങൾ നൽകി.പ്രിസപ്റ്റർമാരുമായും, മാസ്റ്ററുമായും ഉള്ള അഭ്യാസികളുടെ ബന്ധം , ജീവിതത്തിലെ ദുരിതങ്ങളും വേദനകളും എങ്ങനെ അഭിമുഖീകരിക്കണം , വളൻററി ജോലികൾ, കുട്ടികൾക്കായുള്ള സെൻറർ, മിഷനിലെ പ്രധാന പുസ്തകങ്ങൾ, എല്ലാ മാസങ്ങളിലും നടത്തുന്ന മുഴുവൻ ദിന പരിപാടികൾ തുടങ്ങി ധാരാളം വിഷയങ്ങളെപ്പറ്റി അദ്ദേഹം സംസാരിച്ചു. ഈ ചർച്ചകളിൽ അഭ്യാസികൾ ഉത്സാഹത്തോടെ പങ്കെടുത്തു.

## അഭ്യാസി പരിശീലന പരിപാടി, മുംബൈ

മുംബൈയിൽ പുതിയ അഭ്യാസികൾക്കായി നടത്തിയ പരിപാടികൾക്ക് ലഭിച്ച ഉജ്ജ്വല പ്രതികരണം കണ്ടപ്പോൾ അഭ്യാസികൾക്കായി പരിപാടി നടത്തേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കി. 2009 ഫെബ്രുവരി 21-22 തിയതികളിൽ ദ്വിദിന പരിശീലന പരിപാടി പന്വേലിലുള്ള ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ വെച്ച് നടത്തി. 40ഓളം അഭ്യാസികൾ പങ്കെടുത്ത ഈ പരിപാടിയിൽ രണ്ടു പേർ മാലേഗാനിൽ നിന്നും ഉള്ളവരായിരുന്നു.

മാസ്റ്ററുടെ രണ്ടുദിവസത്തെ സന്ദർശനം അഭ്യാസികളിൽ ഉണർവുളവാക്കി. പരിശീലനപരിപാടി ഫെബ്രുവരി 21ന് രാവിലെ സത്സംഗത്തോടെ തുടങ്ങി.

സാധനയുടെ അടിസ്ഥാനതത്വങ്ങളെക്കുറിച്ച് ആദ്യദിവസം വിശദീകരിച്ചു. വിശദമായി മനസ്സിലാക്കുന്നതിനായി ഇംഗ്ലീഷിലും ഹിന്ദിയിലും ഇടവിട്ട് വിശദീകരണം നൽകിയിരുന്നു.

ജീവിത ലക്ഷ്യം, ലക്ഷ്യവും മാർഗവും,ഗുരു തുടങ്ങിയ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെട്ടു. സത്യോദയം എന്ന പുസ്തകം പരിപാടിക്ക് മുമ്പ് എല്ലാവരും വായിച്ചിരുന്നതിനാൽ ചർച്ച കൂടുതൽ പ്രയോജനകരമായി.

'മാസ്റ്റർ, മിഷൻ, ഡയറി എഴുതൽ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു അവതരണവും ഉണ്ടായി. അതിനുശേഷം അഭ്യാസികളെ ഡയറി എഴുതാനും ,വളൻററി ജോലികളിൽ ഏർപ്പെടാനും, അന്നു മനസ്സിലാക്കിയ കാര്യങ്ങൾ ഉൾക്കൊള്ളുന്നതിനും ആയി അനുവദിച്ചു.

സത്സംഗത്തോടെ തുടങ്ങിയ രണ്ടാമത്തെ ദിവസം നിരന്തരസ്മരണ, ലക്ഷ്യം, വേഗത്തിൽ ലക്ഷ്യമടയാനുള്ള മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പ്രഭാഷണങ്ങളിലൂടെ മുന്നോട്ട് പോയി. സഹജമാർഗത്തിലെ പത്തു സൂക്തങ്ങളെക്കുറിച്ചുള്ള ചർച്ചയോടെ പരിപാടി അവസാനിച്ചു.



## കുട്ടികൾക്കായുള്ള ക്യാമ്പ്, മുംബൈ

2009 ഏപ്രിൽ 10-12 തിയ്യതികളിൽ നടത്തിയ സഹജഫൺ ക്യാമ്പിൽ 53 കുട്ടികൾ പങ്കെടുത്തു.9മുതൽ 13 വരെ പ്രായമുള്ള കുട്ടികളെ ഉദ്ദേശിച്ചാണ് ഈ ക്യാമ്പ് നടത്തിയത്. മാസ്റ്ററുടെ സന്ദർശനത്തിനുശേഷം രസകരവും മൂല്യാധിഷ്ടിതവുമായ ഈ പരിപാടി സംഘടിപ്പിക്കുന്നതിന് ഉത്സുകരായ വളൻറിയർമാർ മുന്നോട്ട് ഇറങ്ങി.

കുട്ടികളെ, സ്നേഹം ക്ഷമ, സഹനം, അക്ഷീണപരിശ്രമം, സന്തോഷം, ധൈര്യം തുടങ്ങിയ ആറു ഗ്രൂപ്പുകളായി തിരിച്ചു.എങ്ങനെ ലക്ഷ്യപ്രാപ്തിയടയാം എന്നതിനെ കേന്ദ്രീകരിച്ച് റെയിൽവേ ടൈം ടേബിൾ ഉപയോഗിച്ച് ഒരു പരിപാടി നടത്തി. ഉച്ചയൂണിനുശേഷം അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം ലഭിച്ചു. സ്വയം സാൻഡ് വിച്ചുകൾ ഉണ്ടാക്കികഴിച്ചും,കഥകൾ വായിച്ചും, ഖൊ-ഖൊ കളിച്ചും അവർ ഈ പരിപാടിയുടെ അവസാനം വരെ പങ്കെടുത്തു. രാത്രി ഭക്ഷണത്തിനുശേഷം കുട്ടികളെ ടെലിസ്കോപ്പ് ഉപയോഗിച്ച് നക്ഷത്ര നിരീക്ഷണത്തിനായി ടെറസ്സിൽ കൊണ്ടുപോയി.

ഏപ്രിൽ 11ന് കുട്ടികൾക്കായി 'യോഗ' പരിശീലനം നടത്തി. അതിനുശേഷം അവർക്ക് ഉദ്വേഗഭരിതവും ഉത്സാഹജനകവുമായ അനുഭവങ്ങളുണ്ടായി. ഉച്ചഭക്ഷണത്തിനുശേഷം രാവിലത്തെ അനുഭവങ്ങളെക്കുറിച്ച് എഴുതുവാനും,'പൊതി കൈമാറുക' എന്ന കളിക്കായും വിനിയോഗിച്ചു. അതിനുശേഷം , മൂല്യാധിഷ്ടിത ജീവിതത്തെക്കുറിച്ച് പവർപോയൻറ് പ്രസൻേറഷൻ അവർ കണ്ടു. പാട്ടു് പാടാനും ചെറിയ സിനിമ കാണാനും അവർ സമയം കണ്ടെത്തി.

ഞായറാഴ്ച രാവിലെ കുട്ടികൾ 'ഗ്രീൻ സോൺ' സന്ദർശിച്ചു.അവിടെ അവരെ പ്രകൃതിയെ അതിൻെറ സൗന്ദര്യത്തിലൂടെ അടുത്തറിയുന്നതിന് കഴിവുള്ളവരാക്കി. മൂല്യാധിഷ്ടിത വിദ്യാഭ്യാസത്തിലൂന്നിയ സയൻസ് പരീക്ഷണങ്ങൾ അവർ നടത്തി. ഉദാഹരണത്തിന് ആവശ്യങ്ങളും ആഗ്രഹങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു മത്സരം. നാല് ഭാഗങ്ങളായുള്ള ക്വിസ് മത്സരത്തിൽ അവർ അതിനുശേഷം പങ്കെടുത്തു.ഉച്ചഭക്ഷണത്തിനുശേഷം മാതാപിതാക്കൾക്കുമാത്രമായുള്ള ഒരു മത്സരം ഉണ്ടായിരുന്നു. ഇതോടുകൂടി ക്യാമ്പ് അവസാനിച്ചു.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
പ്രകാശ കേന്ദ്രങ്ങൾ
മെയ് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 3

## റായ്ച്ചൂർ ആശ്രമം, കർണ്ണാടക

പൂജ്യ ബാബുജി മഹരാജിനു സമർപ്പിച്ച സ്ഥലത്ത് മിഷനുവേണ്ടി ആദ്യ കാലത്ത് നിർമ്മിക്കപ്പെട്ട ആശ്രമങ്ങളിൽ ഒന്നാണ് റായ്ച്ചൂർ ആശ്രമം(ധ്യാന മന്ദിര സമുച്ചയം). നഗരത്തിൻെറ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ ആശ്രമം 200 അഭ്യാസികൾക്ക് താമസിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ഒന്നാണ്. ആർക്കിടെക്ട് ശ്രീ എൽ.ടി. ചൗഹാൻ പറയുന്നത് ആശ്രമത്തിൻെറ ഉയർത്തികെട്ടിയ മുൻഭാഗം അത്യുന്നതങ്ങളിലേക്ക് നീട്ടപ്പെട്ട കൈകളുടെ പ്രതീകമാണ്. നമ്മുടെ ആത്മീയ ലക്ഷ്യത്തേയും, അനന്തതയിലേക്കുള്ള യാത്രയേയും ഉദ്ദേശിച്ചുള്ളതാണ്.

1970 ജനുവരി 16 ന് പൂജ്യ ബാബുജി മഹരാജ് തറക്കല്ലിട്ട ഈ ആശ്രമം അപൂർവമായ അനുഗ്രഹം കൊണ്ടു നിറഞ്ഞിരിക്കുന്നതായി അനുഭവപ്പെടുന്നു.

ഏകദേശം 2830 സ്ക്വയർ ഫീറ്റ് അളവിലുള്ള ഭൂമിയിലാണ് ആശ്രമം ഉള്ളത്. അതിൻെറ അസ്ഥിവാരത്തിൻെറ അളവ് 140'–100' ആണ്. ആവശ്യത്തിനനുസരിച്ചും, സാമ്പത്തിക ലഭ്യത അനുസരിച്ചും വിവിധ ഘട്ടങ്ങളിലായാണ് ആശ്രമം നിർമ്മിച്ചത്. കറുത്ത കല്ലുകളാൽ നിർമ്മിക്കപ്പെട്ട ഇത് ചുറ്റുമതിലിനാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

എഴുപതുകളിൽ മിഷൻെറ ഏറ്റവും വലിയ ആശ്രമങ്ങളിൽ ഒന്നായിരുന്നു ഇത്. 70'/30' വലിപ്പമുള്ള അസുലഭവും, ഉറപ്പുള്ളതും, വിള്ളൽ വരാത്തതുമായ ഉത്തരങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച വലിയ ധ്യാന മന്ദിരം ഇവിടെയുണ്ട്. മന്ദിരത്തിൻെറ ഒരു വശത്ത് ഉയർന്ന മേടയും, ബാൽക്കണി മറുവശത്തുമുണ്ട്. ആശ്രമത്തിൽ ഒരു ഡോർമിറ്ററിയും ധാരാളം മുറികളുമുണ്ട്. അടുത്തിടെ ഡോർമിറ്ററി പുതുക്കി പണിത് , കുളിമുറിയും ഭക്ഷണശാലയും ഉള്ള മാസ്റ്ററുടെ മുറിയാക്കി മാറ്റി.

അടുക്കളയും ഭക്ഷണശാലയും ആവശ്യമുള്ളപ്പോൾ ഭക്ഷണം പാചകം ചെയ്യുന്നതിന് പുറത്ത് സൗകര്യവും ഇവിടെ ഉണ്ട്. സഹോദരന്മാർക്കും സഹോദരിമാർക്കും പ്രത്യേക ശൗചാലയമുണ്ട്.

ആശ്രമത്തിനു മുമ്പിലും വശങ്ങളിലും പുൽത്തകിടികളും പൂന്തോട്ടവും ഉണ്ട്. പിൻ വശത്ത് ആവശ്യമെങ്കിൽ ആശ്രമം വലുതാക്കുന്നതിനുള്ള സ്ഥലമുണ്ട്. ആവശ്യമെങ്കിൽ തുറന്ന സ്ഥലത്ത് ഭക്ഷണം വിതരണം ചെയ്ത് കഴിക്കുവാനും ഈ സ്ഥലം പ്രയോജനപ്പെടുത്താം.

റായ്ച്ചൂരിലെ മാണിക് പ്രഭു ടെമ്പിൾ റോഡിൽ എൽ വി ഡി കോളേജിനടുത്താണ് ആശ്രമം സ്ഥിതി ചെയ്യുന്നത്. ട്രെയിൻ വഴിയും ബസ്സ് മാർഗവും ഈ പട്ടണത്തിലേക്ക് യാത്ര സൗകര്യപ്രദമാണ് മുംബൈ– ചെന്നൈ, ബാംഗ്ലൂർ–മുംബൈ ട്രെയിൻ മാർഗത്തിലാണ് ഈ പട്ടണം ഉള്ളത്. ബസ് സ്റ്റാൻറിൽ നിന്നും റെയിൽവേ സ്റ്റേഷനിൽനിന്നും 4 കി. മി. ദൂരെയാണ് ഈ ആശ്രമം. ഇതിനു ചുറ്റും ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ഈ ആശ്രമം ധാരാളം പരിശീലന പരിപാടികൾക്കും ബണ്ഡാരകൾക്കുമായി ഉപയുക്തമാക്കുന്നു.





### ജമ്മു കാശ്മീരിൽ മിഷൻ രജിസ്ട്രേഷൻ

മാസ്റ്ററുടെ അനുഗ്രഹത്താൽ "ശ്രീ രാം ചന്ദ്ര മിഷൻ ജമ്മു കാശ്മീർ" എന്ന പേരിൽ ജമ്മു കാശ്മീർ സംസ്ഥാനത്ത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിരിക്കുന്നു.

### സ്പിരിച്വൽ ഹൈറാർക്കി പബ്ലിക്കേഷൻ ട്രസ്റ്റ്

റജിസ്റ്റർ ചെയ്തിരിക്കുന്നു. താഴെ പറയുന്നവർ ഇതിൻെറ ട്രസ്റ്റികളാണ്

വിജയ് കുമാർ ഭട്ടർ --മാനേജിംഗ് ട്രസ്റ്റി

രാജേഷ് റാത്തോഡ്--സെക്രട്ടറി

പ്രവീൺ ദാഗ്ഡെ--ട്രഷറർ

സന്തോഷ് കുമാർ ഖാൻ ജി-- ട്രസ്റ്റി

സിസ്റ്റർ ഉമാ പ്രഭു--ട്രസ്റ്റി

2009 മാർച്ച് 31 ഓടെ എസ്.ആർ.സി.എമ്മും എസ്,എം.എസ്.എഫും എല്ലാ പ്രസിദ്ധീകരണ പരിപാടികളും അവസാനിപ്പിച്ചിരിക്കുന്നു. സ്പിരിച്വൽ ഹൈറാർക്കി പബ്ലിക്കേഷൻ ട്രസ്റ്റ്, മിഷൻെറയും ഫൗണ്ടേഷൻെറയും ലൈസൻസോടുകൂടി എല്ലാവിധ പ്രസിദ്ധീകരണങ്ങളും ഇനിമുതൽ ഏറ്റെടുക്കുന്നതായിരുക്കും.

**To subscribe to this Newsletter please visit http://www.srcm.org/centers/as/in/newsletter/index.jsp**
**For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2009 Shri Ram Chandra Mission ("SRCM"). All rights reserved.
"Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.
This Newsletter is intended exclusively for the members of SRCM.